# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**
**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 11 - 764/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 07/10/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 11 - 764/2024 തീയ്യതി: 07/10/2024

## ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-07-2024 മുതൽ 05-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 05-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലിജിലാൽ ബി | ഡെപ്യൂട്ടി ഡയറക്ടർ | 26-07-2024 | 05-08-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-07-2024 | 05-08-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ജ്യോതിമോൻ.സി.സി, ഓഡിറ്റ് ഓഫീസർ
ശ്രീ.ജോസഫ് ജോർജ്ജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത്.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽ.കെ.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജെയിംസ് ചിങ്കുതറ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| സതീദേവി രാമൻ നായർ | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുരേശൻ.എസ്സ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 04-07-2023 |
| ദീപ്തി. ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 05-07-2023 | 31-03-2024 |
| ജീഷ്മ ഷാജി | കൃഷി ഓഫീസർ | 01-04-2023 | 12-03-2024 |
| പിന്റു റോയ് | കൃഷി ഓഫീസർ | 13-03-2024 | 31-03-2024 |
| ഡോ.അനുരാജ്.കെ.ആർ | വെറ്ററിനറി സർജ്ജൻ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| സ്വാതി സുരേഷ്.ജി | ഡയറി ഫാം ഇൻസ്ട്രക്ട്രർ | 01-04-2023 | 31-03-2024 |
| ചന്ദന ദിനകരൻ | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 04-04-2023 |
| ഏഞ്ചൽ അയന .കെ.ജെ | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 05-04-2023 | 14-08-2023 |
| രാഗേഷ്.എസ് | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 15-08-2023 | 31-03-2024 |
| സവിത.സി.എം | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ,തങ്കി സർക്കിൾ | 01-04-2023 | 31-03-2024 |
| ഷെൽബി ജോസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ,കടക്കരപ്പള്ളി സർക്കിൾ | 01-04-2023 | 31-03-2024 |
| ലിനി.ജെ.എൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ.അഖില.ബി.ജയകുമാർ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2023 | 20-06-2023 |
| ഡോ.മെൽവിൻ.ജെ.ഗോൺസാൽവസ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 21-06-2023 | 31-03-2024 |
| ഡോ.അശ്വതി.എം | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2023 | 31-03-2024 |
| ശ്രീലത.കെ | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, കടക്കരപ്പള്ളി | 01-04-2023 | 31-03-2024 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | നിക്ഷേപത്തിനുള്ള പലിശ വരുമാനം പൂർണ്ണമായും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനുള്ള ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | മുൻകൂറുകളിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകയുടെ കൃത്യമായ വിവരങ്ങൾ രജിസ്റ്റർ പ്രകാരം ലഭ്യമല്ല | 1-1-4 |
| 6 | ബജറ്റ്-അവലോകനം | 1-2-1 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമപദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മാലിന്യസംസ്ക്കരണം- ഹരിതകർമ്മസേനയിലൂടെ- അവലോകനം | 1-10 |
| 16 | ഓഡിറ്റ് ഇമ്പാക്ട്- കരാറുകാരിൽ നിന്ന് തൊഴിൽ നികുതി 17500/-രൂപ ഈടാക്കി | 1-11 |
| 17 | ലൈസൻസ് എടുക്കാതെ/പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 18 | തൊഴിൽ നികുതി ഒടുക്കിയില്ല | 1-13 |
| 19 | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല | 1-14 |
| 20 | കുത്തകപ്പാട്ടത്തിന് ഭൂമി നൽകിയത് - രേഖകൾ ലഭ്യമല്ല | 1-15 |
| 21 | മരണപ്പെട്ട വ്യക്തിയ്ക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ | 1-16 |
| 22 | ഇലക്ഷൻ ഡെപ്പോസിറ്റ് ഉൾപ്പടെ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത്ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല | 1-17 |
| 23 | ദീർഘകാലമായി നിലനിൽക്കുന്ന ബാധ്യതകൾ തീർപ്പാക്കുന്നില്ല | 1-18 |
| 24 | ഗ്രാമപഞ്ചായത്തിലെ അംഗീകൃത തസ്തികകളിൽ സ്ഥിരനിയമനം നടത്തിയിട്ടില്ല | 1-19 |
| 25 | ഐ.കെ.എം മെമ്പർഷിപ്പ് ഫീസ് -കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല | 1-20 |
| 26 | തെരുവുവിളക്ക് നീട്ടൽ -കരാർ ചമച്ച് പ്രവൃത്തി ആരംഭിച്ചിട്ടില്ല | 1-21 |
| 27 | സ്വയംതൊഴിൽ വനിത (വ്യക്തിഗതം)-വ്യക്തിഗത ആനുകൂല്യം ഗ്രൂപ്പ് സംരംഭത്തിന് അനുവദിച്ചു | 1-22 |
| 28 | ലൈഫ് ഭവന പദ്ധതി -ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-23 |
| 29 | വീട് വാസയോഗ്യമാക്കൽ- അഡ്വാൻസ് വാങ്ങിയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല | 1-24 |
| 30 | കുടുംബശ്രീ മിഷനിൽ നിന്നും ഭവനനിർമ്മാണത്തിനായി അനുവദിച്ച തുക സിഡിഎസ് അക്കൌണ്ടിൽ ചെലവഴിക്കാതെ സൂക്ഷിക്കുന്നു | 1-25 |
| 31 | അഗതി -ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണം- വിതരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-26 |
| 32 | പാലിനും, കാലിത്തീറ്റയ്ക്കും സബ്സിഡി- അംഗീകൃത ഗുണഭോക്തൃലിസ്റ്റ് അപൂർണ്ണം | 1-27 |
| 33 | ആലുവേലിച്ചിറ നടുവത്തേഴത്ത് തോടുകൾ ആഴംകൂട്ടി തീറ്റപ്പുൽ വെച്ചു പിടിപ്പിക്കൽ- അപാകതകൾ | 1-28 |
| 34 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - മസ്റ്റർ റോൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-29 |
| 35 | മരുന്നുകൾ ലഭ്യമായില്ല- ചെലവു തുക തടസ്സപ്പെടുത്തുന്നു | 1-30 |
| 36 | പി എച്ച് സി യിലേയ്ക്ക് മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. | 1-31 |
| 37 | മില്ലെറ്റ് ഗ്രാമം -പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ -ഹാജരാക്കിയിട്ടില്ല | 1-32 |
| 38 | കൊട്ടാരം സ്കൂൾ ചുറ്റുമതിൽ നിർമ്മാണം-അപാകതകൾ | 1-33 |

| | | |
|---|---|---|
| 39 | റോഡ് ടാറിംഗ് പ്രവർത്തികൾ - കാലിവീപ്പയുടെ ജി.എസ്.ടി ഒടുക്ക് വരുത്തുന്നതിലെ അപാകതകൾ | 1-34 |
| 40 | പഞ്ചായത്ത് - ചാച്ചിപ്പാലം റോഡ് മെയിന്റനൻസ്-അപാകതകൾ | 1-35 |
| 41 | കരാർ പ്രവർത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർതുകയുടെ 0.2% തുക ഈടാക്കിയില്ല | 1-36 |
| **ഭാഗം 2** | | |
| 1 | ലൈസൻസ് എടുക്കാതെ/പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-1 |
| 2 | തൊഴിൽ നികുതി ഒടുക്കിയില്ല | 2-2 |
| 3 | സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല | 2-3 |
| **ഭാഗം 3** | | |
| 1 | കൊട്ടാരം സ്കൂൾ ചുറ്റുമതിൽ നിർമ്മാണം-അപാകതകൾ | 3-1 |
| 2 | കരാർ പ്രവർത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർതുകയുടെ 0.2% തുക ഈടാക്കിയില്ല | 3-2 |
| 3 | ആലുവേലിച്ചിറ നടുവത്തേഴത്ത് തോടുകൾ ആഴംകൂട്ടി തീറ്റപ്പുൽ വെച്ചു പിടിപ്പിക്കൽ- അപാകതകൾ | 3-3 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **24.05.2024 ലെ 1(1)** -ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 3**1.05.2024** ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **കടക്കരപ്പള്ളി ഗ്രാമ** പഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2024** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **കടക്കരപ്പള്ളി** ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 നിക്ഷേപത്തിനുള്ള പലിശ വരുമാനം പൂർണ്ണമായും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ നിക്ഷേപങ്ങൾക്ക് സാമ്പത്തിക വർഷം ലഭിക്കേണ്ട പലിശ മുഴുവൻ വാർഷിക കണക്കിലെടുക്കുന്നില്ല. നിക്ഷേപം കാലാവധി പൂർത്തീകരിക്കുമ്പോൾ മാത്രമാണ് പലിശ വരുമാനം രേഖപ്പെടുത്തുന്നത്. അംഗീകൃത അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്സ് പ്രകാരം 2023-24 സാമ്പത്തിക വർഷത്തിനുള്ളിൽ ലഭിക്കാനുള്ള എല്ലാ വരവുകളും അക്രൂഡ് ഇൻകം എന്ന നിലയിൽ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തേണ്ടതാണ്.

**1-1-2 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനുള്ള ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല**

2023-24 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് ഉദാ: 2024 മാർച്ചിലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്, കരാർ വേതനം, ദിവസവേതനം, ആവർത്തനചെലവുകൾ മുതലായവക്കൊന്നിനും ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ ആവശ്യമായ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-3 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2 (ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ തുടങ്ങി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ തൻ വർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B-1 ഷെഡ്യൂൾ വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല.

**1-1-4 മുൻകൂറുകളിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകയുടെ കൃത്യമായ വിവരങ്ങൾ രജിസ്റ്റർ പ്രകാരം ലഭ്യമല്ല**

ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിലെ വിവരങ്ങൾ പ്രകാരം വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവക്ക് നൽകിയിട്ടുള്ള ഡെപ്പോസിറ്റുകളുടേയും മുൻകൂറുകളുടേയും ആകെ തുക 70,00,733/-രൂപയാണ്. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ കെ.എസ്.ഇ.ബിക്ക് നൽകിയിട്ടുള്ള പല അഡ്വാൻസുകളുടെയും വിനിയോഗവിവരങ്ങൾ ലഭിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിവിധ പ്രവൃത്തികൾക്ക് അഡ്വാൻസ് നല്കിയിരുന്ന തുക പൂർണ്ണമായും ചെലവഴിക്കപ്പെട്ടിട്ടുണ്ടോ, ഈയിനങ്ങളിൽ കെ.എസ്.ഇ.ബിയിൽ നിന്നും ബാലൻസ് തുക ലഭ്യമായിട്ടുണ്ടോ എന്നീ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ ആധികാരികത ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. അതുപോലെ വിനിയോഗ വിവരങ്ങൾ ലഭിച്ച മുൻകൂറുകൾ അഡ്വാൻസ് ഹെഡിൽ നിന്നും അസറ്റ് ഹെഡിലേക്ക് മാറ്റിയിട്ടില്ല.

**1-2-1 ബജറ്റ്-അവലോകനം**

2023-24 വർഷത്തെ ബജറ്റ് 20.3.2023-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 12.02.2024 ലെ 1-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. <u>പെർഫോമൻസ് ബജറ്റ് പാസ്സാക്കിയിട്ടില്ല</u>

ബജറ്റ് മാനുവൽ ചട്ടം 3.1.4 പ്രകാരം പട്ടിക 3-1 അനുസരിച്ച് തയ്യാറാക്കുന്ന ബജറ്റ് പ്രവർത്തനാധിഷ്ഠിതമായിരിക്കേണ്ടതാണ്. ആയതിന് പട്ടിക 3-2 ൽ നൽകിയിട്ടുള്ള മാതൃകയിൽ പെർഫോമൻസ് ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പെർഫോമൻസ് ബജറ്റ് തയ്യാറാക്കിയിട്ടില്ല.

2. <u>ജെന്റർ ബജറ്റ് പാസ്സാക്കിയിട്ടില്ല</u>

ബജറ്റ് മാനുവൽ ചട്ടം 3.1.5 പ്രകാരം ജന്റർ ബജറ്റ് തയ്യാറാക്കി ബജറ്റ് ലിംഗാധിഷ്ഠിതമായി വീക്ഷിക്കേണ്ടതാണ്. ആയതിന് പട്ടിക 3-3 ൽ നൽകിയിട്ടുള്ള മാതൃകയിൽ ജന്റർ ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ നിശ്ചിത മാതൃകയിൽ ജന്റർ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

3.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ഒറിജിനൽ ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (I&E Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | 2103002 | അധിക ശമ്പളം | 00 | 50000 | 408260 | വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ് |
| 2 | 2201101 | ഓഫീസ് ചെലവുകൾ | 325000 | 325000 | 344473 | വകയിരുത്തിയതിനേക്കാൾ കൂടുതൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ചെലവ് |
| 3 | 2201201 | വാർത്താ വിനിമയ ചെലവുകൾ | 150000 | 175000 | 179822 | വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ് |
| 4 | 2202101 | അച്ചടിയും സ്റ്റേഷനറിയും | 100000 | 320000 | 373411 | വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ് |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (14/13.7.24) മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പ്രകാരം പ്രൊവിഷനില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് മാനുവൽ ചട്ടം 3.1.4, 3.1.5 എന്നിവ അനുശാസിക്കും വിധം പെർഫോമൻസ് ബജറ്റ്, ജന്റർ ബജറ്റ് എന്നിവ പാസ്സാക്കേണ്ടതാണ്. കൂടാതെ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

2023-24 ലെ ബജറ്റ് 20.3.2023 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 12.02.2024ലെ 1-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 30,40,86,654 | 28,81,34,500 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെൻറിച്ചർ പത്രിക പ്രകാരം) | 16,36,85,255 | 17,53,01,382 |

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | 7,547,583.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹4,18,66,389.00 |
| ആകെ | : | 49,413,972.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹4,38,45,613.00 |
| നീക്കിയിരുപ്പ് | : | 5,568,359.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസിപ്റ്റ് & പേയ്മെന്റ് അക്കൌണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | ബാങ്ക് നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | ₹2,14,15,000 | ₹2,14,15,000 | ₹1,84,02,303 | - | ₹30,12,697 |
| വികസന ഫണ്ട് (എസ്.സി.പി) | - | ₹15,89,000 | ₹15,89,000 | ₹14,60,908 | - | ₹1,28,092 |
| മെയിന്റനൻസ് ഗ്രാന്റ്-(റോഡ്) | - | ₹55,38,650 | ₹55,38,650 | ₹46,56,154 | - | ₹8,82,496 |
| മെയിന്റനൻസ് ഗ്രാന്റ്-(നോൺ-റോഡ്) | - | ₹36,35,400 | ₹36,35,400 | ₹34,87,298 | - | ₹1,48,102 |
| സി.എഫ്.സി – ബേസിക്ക് | ₹35,082 | ₹35,46,000 (₹13,935(Int)) | ₹35,95,017 | ₹30,80,062 | ₹5,14,955 | - |

| | | | | | | |
|---|---|---|---|---|---|---|
| അൺടൈഡ് ഗ്രാന്റ് | | | | | | |
| സി.എഫ്.സി.-ടൈഡ് ഗ്രാന്റ് | 0 | ₹26,59,500 | ₹26,59,500 | ₹26,59,500 | 0 | - |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 183 | ₹17,91,83,135 | ₹6,25,09,747 | 83 | 37 | 63 | 45.36% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 819835 | 1654103 | 2473938 | 2471414 | 2524 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 68666586 | 68666586 | 68666586 | 0 |
| ആകെ | 819835 | 70320689 | 71140524 | 71138000 | 2524 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ₹49,560.00 | 42 |
| കർഷകതൊഴിലാളി പെൻഷൻ | ₹19,21,400.00 | 163 |
| വിധവാ പെൻഷൻ | ₹46,45,600.00 | 457 |
| വാർദ്ധക്യകാല പെൻഷൻ | ₹1,43,89,300.00 | 1826 |
| വികലാംഗ പെൻഷൻ | ₹30,99,000.00 | 346 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹7,77,800.00 | 72 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ₹30,000 | 1 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30-07-2024, 3.30 പി.എം.ന് പഞ്ചായത്ത് ഹെഡ് ക്ലർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 40/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. ഗ്രാമ പഞ്ചായത്തിന്റെ ആസ്തികൾ സംരക്ഷിക്കപ്പെടുന്നതിന് ഊർജ്ജിത നടപടികൾ കൈക്കൊള്ളുന്നില്ല.
3. കുത്തക പാട്ടം രജിസ്റ്റർ പ്രകാരം ധാരാളം വസ്തുക്കൾ പഞ്ചായത്തിന്റേതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് എവിടെയൊക്കെയാണെന്ന് കൃത്യമായി തിട്ടപ്പെടുത്തുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. കുംടുംബശ്രീ മിഷനിൽ നിന്നും ഭവന പദ്ധതിക്കായി ലഭിച്ച തുകയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മാലിന്യസംസ്ക്കരണം- ഹരിതകർമ്മസേനയിലൂടെ- അവലോകനം

**ആമുഖം**

കേരള പഞ്ചായത്ത് രാജ് നിയമം 166 (1)-ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്ക്കരണ കർമ്മ പരിപാടിക്ക് സ.ഉ(കൈ)നം. 159/2016/ത.സ്വ.ഭ.വ. തീയതി 06.11.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകളിൽ ഉൾപ്പെടുന്നതാണ് ഹരിതകേരളം മിഷൻ. ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വ മാലിന്യ സംസ്കരണം. ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നുള്ളതാണ് ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ട് 15.07.2017ലെ സ.ഉ(സാധാ)2420/2017 /ത.സ്വ.ഭ.വ. നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ, അതിനൊക്കെ സഹായകമായ പൊതുജന സൗഹൃദ ആസ്തികളുടെ നിർമ്മാണം എന്നിവ വഴി കേരളം രാജ്യത്തിന് മാതൃകയാകത്തക്ക വിധത്തിൽ മാലിന്യമുക്തമാക്കുക എന്നുള്ളതാണ് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലൂടെ ലക്ഷ്യമിടുന്നത്. അതു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മ സേന. കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്ക്കരണം ഹരിതകർമ്മസേനയിലൂടെ നടപ്പാക്കുന്നതിന് 2021 മുതൽ വിവിധ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച പരിശോധന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**അടിസ്ഥാന വിവരങ്ങൾ**

ആലപ്പുഴ ജില്ലയിൽ കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിലുൾപ്പെട്ട കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന് 8.90 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയാണുള്ളത്. 14 വാർഡുകളുള്ള പഞ്ചായത്തിലെ ജനസംഖ്യ 2011 സെൻസസ് പ്രകാരം 20,487 ആണ്. ആൾതാമസമുള്ള 5600 വീടുകളും 236 സ്ഥാപനങ്ങളും ഇവിടെ നിലവിലുണ്ട്. 2021-ലാണ് ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന രൂപീകരിച്ചത്. ആദ്യഘട്ടത്തിൽ ജനങ്ങളുടെ സഹകരണത്തിന്റെ അഭാവവും കോവിഡ് പ്രതിസന്ധിയും മൂലം പ്രവർത്തനം മന്ദഗതിയിലായിരുന്നെങ്കിലും 2024 മാർച്ചോടുകൂടി 5094 കുടുംബങ്ങളെയും 230 സ്ഥാപനങ്ങളെയും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളുമായി സഹകരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഓരോ വാർഡിലും രണ്ട് അംഗങ്ങൾ വീതം 14 വാർഡുകളിലായി ആകെ 28 ഹരിതകർമ്മസേനാംഗങ്ങൾ അജൈവ മാലിന്യം ശേഖരിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുണ്ട്.

**മാലിന്യ ശേഖരണ കാര്യക്ഷമത**

നിത്യജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന അജൈവമാലിന്യങ്ങൾ വൃത്തിയാക്കി ഉണക്കി കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. താഴെ ചേർക്കും വിധം മാലിന്യശേഖരണ കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്.

| ഇനം | ശേഖരിക്കുന്ന മാസം |
|---|---|
| പേപ്പർ, പ്ലാസ്റ്റിക്, പ്ലാസ്റ്റിക് കവറുകൾ | എല്ലാ മാസവും |
| തുണി | ഫെബ്രുവരി |
| ഇ-വേസ്റ്റ്, ഹസാർഡസ് വേസ്റ്റ്, ബാറ്ററി | സെപ്റ്റംബർ |
| ചെരുപ്പ്, ബാഗ് | നവംബർ |
| കുപ്പിച്ചില്ല് | ഡിസംബർ |

തയ്യാറാക്കിയ കലണ്ടർ പ്രകാരം മാലിന്യ ശേഖരണം നടന്നുവരുന്നുണ്ട്. മാലിന്യ ശേഖരണം സംബന്ധിച്ച് ജനങ്ങളെ മുൻകൂട്ടി അറിയിക്കുന്നതിന് നോട്ടീസ് വിതരണം ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്.

**മാലിന്യ വേർതിരിവ് പാലിക്കൽ**

മാലിന്യം പൂർണ്ണമായി വേർതിരിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. ഭാഗികമായി മാത്രമാണ് വേർതിരിവ് നടക്കുന്നത് എം.സി.എഫ് നിലവിൽ മാലിന്യം വേർതിരിക്കുന്നതിനായി പ്രയോജനപ്പെടുത്തുന്നുണ്ട്. 60% മാലിന്യം ഉറവിടത്തിലും 40% ശതമാനത്തോളം മാലിന്യം എം.സി.എഫിലും വേർതിരിക്കാനാണ് നിലവിൽ സംവിധാനമുള്ളത്.

**റീസൈക്ലിംഗ്**

ഹരിതകർമ്മസേന മുഖേന നിർദ്ദേശങ്ങൾ നൽകുന്നതൊഴിച്ചാൽ പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക നടപടികളൊന്നും തന്നെ നിലവിൽ സ്വീകരിച്ച് വരുന്നില്ല. ഗാർഹികമാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പ്രോജക്ട് 2023-24 ൽ ഏറ്റെടുക്കുകയും ഇതുവഴി 1154 വീടുകളിൽ ബയോബിന്നുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സ്കൂളുകൾ, ആശുപത്രികൾ, ഓഫീസുകൾ എന്നിവിടങ്ങളിലും ബിന്നുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പാതയോരങ്ങളിലും മറ്റ് പൊതു ഇടങ്ങളിലും ബിന്നുകൾ സ്ഥാപിക്കുക, സ്വാപ് ഷോപ്പുകൾ പോലുള്ള സംവിധാനം ഒരുക്കുക എന്നിവയൊന്നും നിലവിൽ ചെയ്ത് വരുന്നില്ല.

**കമ്മ്യൂണിറ്റി എൻഗേജ്മെന്റ്**

സി ഡി എസ്, കുടുംബശ്രീ എന്നീ കൂട്ടായ്മകളിലൂടെ മാലിന്യ സംസ്ക്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. നിരവധി ബോധവത്ക്കരണ പരിപാടികൾ ഇത്തരത്തിൽ നടപ്പാക്കിയിട്ടുണ്ട്.

**തൊഴിൽ സൃഷ്ടിക്കൽ**

2023-24 വർഷം യൂസർ ഫീ ഇനത്തിൽ ₹27,93,290.00 വരവ് വന്നിട്ടുണ്ട്. ഓരോ അംഗവും കളക്ട് ചെയ്യുന്ന യൂസർ ഫീ-യുടെ 90% ആണ് വേതനമിനത്തിൽ നൽകുന്നത്. 2023-24 വർഷം ₹25,67,337/- വേതനം നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 28 ഹരിതകർമ്മസേനാംഗങ്ങൾക്ക് ശരാശരി ₹8,000.00 പ്രതിമാസം വരുമാനമായി ലഭിക്കുന്നുണ്ട്. 2023-24 വർഷം വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകിയിട്ടില്ല.

**അടിസ്ഥാന സൗകര്യവികസനം**

മാലിന്യം നീക്കം ചെയ്യുന്നതിന് ഹരിതകർമ്മസേനക്ക് നിലവിൽ സ്വന്തമായി വാഹനം ഇല്ല. ഉടൻതന്നെ വാഹനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുമെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്കാർക്കും നിലവിൽ ഡ്രൈവിംഗ് ലൈസൻസ് ഇല്ല. അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകാനുള്ള പരിപാടികൾ ഏറ്റെടുക്കുന്നതിന് ശ്രമങ്ങൾ നടത്തുന്നുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. എല്ലാ വാർഡുകളിലും ഓരോ മിനി എം.സി.എഫ് സ്ഥാപിക്കുകയും, വീടുകളിൽ ബയോ ബിന്നുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

**പാരിസ്ഥിതിക ആഘാതം**

പൊതുനിരത്തുകളിലും ഇടങ്ങളിലും മാലിന്യം മാലിന്യം തള്ളുന്നത് തടയുന്നതിന് എൻഫോഴ്സ്മെന്റ് സ്ക്വാഡ് നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്തുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ രണ്ട് കേസുകളിലായി ₹ 10,000 പിഴ ഈടാക്കിയിട്ടുണ്ട്.

**പരിശീലനവും വികസനവും**

ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രായോഗിക തലത്തിൽ മാലിന്യസംസ്കരണം, സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് എന്നിവ സംബന്ധിച്ച പരിശീലനം നൽകിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംവിധാനം 2024-25 മുതൽ നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം പൂർണ്ണതോതിൽ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം**

ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ്, സെക്രട്ടറി, ഹെഡ്ക്ലർക്ക്, വി.ഇഒ, കുടുംബശ്രീ ചെയർപേഴ്സൺ, മുതലായ അംഗങ്ങൾ ഉൾപ്പെട്ട സമിതി പ്രവർത്തിക്കുന്നു. സമിതി ഓരോ മാസവും സേനയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. പഞ്ചായത്തിലെ 28 ഹരിത കർമ്മസേനാപ്രവർത്തകരെ ഏകോപിപ്പിച്ച് ഹരിതകർമസേന കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഹരിതസേനയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് ഹരിതകർമ്മസേന കൺസോർഷ്യം രൂപീകരിച്ചിട്ടുള്ളത്. അജൈവ മാലിന്യ ശേഖരണം മുതൽ അവ തരംതിരിച്ച് വിപണനം നടത്തുന്നതുവരെയുള്ള വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ഹരിത സംരംഭകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുകയുമാണ് ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ പ്രധാന കർത്തവ്യം. ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തി വരുന്നുണ്ട്. ചെറിയൊരു വിഭാഗം ജനങ്ങളുടെ നിസ്സഹകരണ മനോഭാവം സേനയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം വരുത്തുന്നുണ്ട്. ക്യു.ആർ കോഡ് പതിപ്പിക്കൽ

പൂർത്തിയായിട്ടില്ല. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നിലവിൽ പ്രവർത്തനക്ഷമമാണ്.

**1.മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ (MCF)/റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) അടിസ്ഥാന വിവരങ്ങൾ**

പഞ്ചായത്തിൽ നിലവിൽ 3500 ചതുരശ്ര അടിയിലേറെ വിസ്തീർണ്ണമുള്ള ഒരു എം.സി.എഫ് പ്രവർത്തിക്കുന്നത് കൂടാതെ സ്ഥലം വാങ്ങി പൂർണ്ണതോതിലുള്ള ഒരു എം.സി.എഫ്. കൂടി നിർമ്മാണം നടത്താൻ പദ്ധതി തയ്യാറാക്കി വരുന്നുണ്ട്. ബെയ്‌ലിംഗ് യൂണിറ്റ്, ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവ നിലവിലില്ല. 14 വാർഡുകളിലായി 14 മിനി എം. സി. എഫ് – കൾ സ്ഥാപിച്ചിട്ടുണ്ട്.

**2.മാലിന്യ കൈമാറ്റ കാര്യക്ഷമത**

വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ഓരോ മാസവും 10-ാം തീയതിക്കും 15-ാം തീയതിക്കും ഉള്ളിൽ കൈമാറുന്നുണ്ട്. റിവ്യൂ മീറ്റിംഗിൽ മാലിന്യം വേർതിരിക്കുന്നത് സംബന്ധിച്ചും നിലവിലെ പ്രവർത്തനങ്ങളുടെ പോരായ്മകൾ ചർച്ച ചെയ്യുകയും പുതിയ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

**3. മാലിന്യ സംഭരണ ശേഷി**

നിലവിൽ മാലിന്യം സംഭരിക്കുന്ന എം. സി.എഫിന് 3500 ചതുരശ്ര അടി വിസ്തൃതിയുണ്ട്. പരമാവധി ഒരു മാസം വരെ മാലിന്യം സംഭരിച്ച് സൂക്ഷിക്കാൻ സാധിക്കുന്ന സ്ഥിതിയുണ്ട്.

**4. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാലിന്യം ഇനം തിരിക്കുന്നതിന് സേനാംഗങ്ങൾക്ക് കൈയുറ, മാസ്ക്, ഹാൻഡ് സാനിറ്റൈസർ, എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ തീപിടുത്തം നേരിടുന്നത് സംബന്ധിച്ച പരിശീലനവും സേനാംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി കൺസോർഷ്യത്തിൽ നിന്ന് മൊബൈൽ ഫോൺ വാങ്ങുന്നതിന് വായ്പ നൽകിയിട്ടുണ്ട്.

**5.ശുചിത്വമാനദണ്ഡങ്ങൾ**

എം.സി.എഫ് പഞ്ചായത്തിന്റെ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. കെട്ടിട പരിസരം ശുചിയായി സൂക്ഷിച്ചിട്ടുണ്ട്. തീപിടുത്തം തടയുന്നതിനുള്ള ഫയർ എസ്റ്റിഗ്വുഷർ, റോഡ് സൗകര്യം, കുടിവെള്ള ലഭ്യത എന്നിവ ഉറപ്പുവരുത്തിയിട്ടുണ്ട്. എന്നാൽ വൈദ്യുതി കണക്ഷൻ, ശുചിമുറിസൗകര്യം എന്നിവ ഉറപ്പാക്കാൻ ഇതുവരെ സാധിച്ചിട്ടില്ല.

**6. യഥാസമയം മാലിന്യം കൈയ്യൊഴിയൽ**

'ഗ്രീൻ ലൈഫ്' എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും മാലിന്യം കൈമാറുകയും ചെയ്യുന്നുണ്ട്. 2023-24 വർഷം 35.50 ടൺ മാലിന്യം കൈമാറിയിട്ടുണ്ട്. ഇതിൽ നിന്നും ₹2,05,588.00 ഹരിതകർമ്മസേനയ്ക്ക് ലഭ്യമായിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ:**

നവകേരളം സൃഷ്ടിക്കുന്നതിലെ ഏറ്റവും വലിയ വെല്ലുവിളിയാണ് മാലിന്യ സംസ്ക്കരണം എന്നതിനാൽ തന്നെ ഈ രംഗത്ത് ഹരിതകർമ്മസേനയുടെ പ്രവർത്തനം അതീവ പ്രാധാന്യമുള്ളതാണ്. ഖരമാലിന്യ ശേഖരണം, തരംതിരിക്കൽ, നീക്കം ചെയ്യൽ എന്നിവ ഏകോപിപ്പിക്കുന്നതിനുള്ള നിലവിലെ അടിസ്ഥാന സൗകര്യം വിപുലീകരിക്കുന്നതിന് പുതിയ എം.സി.എഫ് എത്രയും വേഗം പൂർത്തിയാക്കുന്നത് ഉചിതമായിരിക്കും. വേർതിരിക്കാത്ത മാലിന്യത്തിന് വില കുറച്ച് മാത്രമാണ് ലഭ്യമാകുന്നതെന്നതിനാൽ സെഗ്രഗേഷനുള്ള സൗകര്യം ഉറപ്പുവരുത്തുന്നത് വരുമാന വർദ്ധനവിന് ഉപകരിക്കും. ബെയ്‌ലിംഗ് യൂണിറ്റ്, ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവ പുതിയ എം.സി.എഫിൽ സ്ഥാപിക്കുന്നതും മാലിന്യം കൈകാര്യം ചെയ്യുന്നതിന് സഹായകമാകും. ഒരു ഉദ്യോഗസ്ഥനെ മേൽനോട്ടത്തിന് മാത്രമായി ചുമതലപ്പെടുത്തേണ്ട അത്രയും പ്രവർത്തനം മാലിന്യ സംസ്ക്കരണത്തിനായി വേണ്ടി വരുന്നുണ്ട്. മാലിന്യം സംഭരിക്കുന്നതോടൊപ്പം നീക്കം ചെയ്യുന്നതിനും പ്രാധാന്യം നൽകുന്ന തരത്തിൽ പ്രവർത്തനം ഏകോപിപ്പിക്കേണ്ടതാണ്.

**മറ്റ് നിർദ്ദേശങ്ങൾ**

1.ഹരിതകർമ്മ സേന ശേഖരിക്കുന്ന മാലിന്യം സംഭരിക്കുന്നതിനും, സെഗ്രിഗേറ്റ് ചെയ്യുന്നതിനുമുള്ള എല്ലാ വിധ സൗകര്യങ്ങളോടും കൂടിയ ഒരു സ്ഥിരം മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) ഗ്രാമപഞ്ചായത്ത് എത്രയും വേഗം പ്രവർത്തനക്ഷമമാക്കേണ്ടതാണ്. കൂടാതെ വീടുകളിൽ നിന്ന് ശേഖരിക്കുന്ന അജൈവമാലിന്യം താൽക്കാലികമായി സംഭരിക്കുന്ന തിനാവശ്യമായ മിനി എം.സി.എഫ് സൗകര്യം പരമാവധി സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കേണ്ടതാണ്.

2.സ്മാർട്ട് ഗാർബേജ് പദ്ധതിയുടെ ഭാഗമായുള്ള ക്യൂ.ആർ കോഡ് പതിക്കൽ അടിയന്തിരമായി പൂർത്തിയാക്കി, ഹരിതമിത്രം ആപ്പ് പൂർണ്ണസജ്ജമാക്കി യൂസർ ഫീ പിരിവ് 100% എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3.ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വച്ചു തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. റിജക്റ്റഡ് മാലിന്യത്തിന് അവയുടെ തൂക്കത്തിനനുസരിച്ചുള്ള വില ഈടാക്കാവുന്നതും അതുവഴി അവ കയ്യൊഴിയുന്നതിനായി ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കേണ്ടി വരുന്ന വലിയ ബാദ്ധ്യത ഒഴിവാക്കാവുന്നതുമാണ്.

4.സുസ്ഥിരമായ മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

5.നൂതനമായ മാലിന്യ സംസ്കരണ രീതികൾ നടപ്പാക്കുന്നത് സംബന്ധിച്ചു ഹരിതകർമ്മസേനയ്ക്ക് പരിശീലനം നൽകേണ്ടതും, അവരെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിനായി സംരംഭങ്ങൾ തുടങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് സഹായം ചെയ്തു നൽകേണ്ടതുമാണ്.

6.അജൈവമാലിന്യ സംസ്കരണത്തോടൊപ്പം ജൈവമാലിന്യ സംസ്കരണമേഖലയിലേക്കും ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്.

7.മാലിന്യ നീക്കത്തിനായി ഹരിതകർമ്മസേനക്ക് വാഹനം വാങ്ങുന്നതിനും ആയത് ഓടിക്കുന്നതിനാവശ്യമായ ഡ്രൈവിങ്ങ് പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ഇപ്രകാരം നടപടികൾ സ്വീകരിച്ച് മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

**1-11 ഓഡിറ്റ് ഇമ്പാക്ട്- കരാറുകാരിൽ നിന്ന് തൊഴിൽ നികുതി 17500/-രൂപ ഈടാക്കി**

ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (10/30-07-2024) നല്കിയതിനെ തുടർന്ന് ചുവടെ ചേർത്തിട്ടുള്ള വിധം 17,500/- രൂപ ഈടാക്കി ഒടുക്ക് വരുത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരുടെ പേരു വിവരം | അടച്ച തുക/രസീത് നം./ തീയതി |
|---|---|---|
| 1. | ശ്രീ. പി.ജെ. കുഞ്ഞപ്പൻ | 2500/- 1240100561/02-08-24- |
| 2. | ശ്രീ. ഹരീഷ് | 2500/- 1240200001/05-08-24 |
| 3. | ശ്രീ. അജീഷ്. എസ്. | 2500/- 1240100562/02-08-24 |
| 4. | ശ്രീ. കെ. ഭാർഗ്ഗവൻ | 2500/-1240200006/05-08-24/ |
| 5. | ശ്രീ. വരദകുമാർ.കെ.ഡി. | 2500/- 1240200002/05-08-24/ |

| | | |
|---|---|---|
| 6. | ശ്രീ. സുനിൽ കുമാർ. പി.എസ്. | 2500/-1240100596/02-08-24/ |
| 7. | ശ്രീ. മനോജ്കുമാർ. കെ.എസ്. | 2500/-1240200010/05-08-24/ |

**1-12 ലൈസൻസ് എടുക്കാതെ/പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു**

പഞ്ചായത്തിന്റെ 2023-24 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് തുക അടവാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾ 2011 ലെ കേരള പഞ്ചായത്തീരാജ് ആക്റ്റ് (232, 233) റൂൾ (10) എന്നിവ അനുസരിച്ചല്ല പ്രവർത്തിക്കുന്നതെന്ന് കാണുന്നു.

<u>റേഷൻ കടകൾ</u>

എആർഡി 137, എആർഡി 138, എആർഡി 139, എആർഡി 140, എആർഡി 141, എആർഡി 142, എആർഡി 143, എആർഡി 144, എആർഡി 145, എആർഡി 146, എആർഡി 147, എആർഡി 314.

12 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസായി ആകെ 6000/- (12 X 500) രൂപ ഈടാക്കേണ്ടതാണ്.

<u>കള്ള് ഷാപ്പുകൾ</u>

1) ടി.എസ്സ്. നമ്പർ 70,

2) ടി.എസ്സ്. നമ്പർ 102,

3) ടി.എസ്സ്. നമ്പർ 104,

4) ടി.എസ്സ്. നമ്പർ 105,

5) ടി.എസ്സ്. നമ്പർ 107,

6) ടി.എസ്സ്. നമ്പർ 109,

ആറ് കള്ള് ഷാപ്പുകളിൽ നിന്നും ലൈസൻസ് ഫീസായി ആകെ 3,000/- (6 X 500) രൂപ ഈടാക്കേണ്ടതാണ്.

മേൽ വിഷയത്തിൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം - 9/30-07-2024 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിൻപ്രകാരം മുകളിൽ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങൾ ലൈസൻസ് അടവാക്കിയിട്ടില്ലെന്നും, ലൈസൻസ് എടുക്കണമെന്ന് കാണിച്ച് നോട്ടീസ് നൽകിയിരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥാപനങ്ങൾ നാളിതുവരെ ലൈസൻസ് എടുത്തിട്ടില്ല. ആകെ നഷ്ടം 6,000/- (12 X 500) + 3,000/- (6 X 500) =9,000/- നഷ്ട തുക എത്രയും വേഗം ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-13 തൊഴിൽ നികുതി ഒടുക്കിയില്ല**

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 വർഷം പഞ്ചായത്തിൽ വിവിധ കരാർ പണികൾ ഏറ്റെടുത്തു നടത്തുന്ന താഴെപ്പറയുന്ന വ്യക്തികൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

1) ശ്രീ. ഹരീഷ്,

2) ശ്രീ. വിനോദ്. ടി.കെ.

3) ശ്രീ. രാജേഷ്. സി.

4) ശ്രീ. സുനിൽകുമാർ എം. ആർ.

5) ശ്രീ. പി.ജെ. കുഞ്ഞപ്പൻ

6) ശ്രീ. അജീഷ്. എസ്സ്.

7) ശ്രീ. കെ. ഭാർഗ്ഗവൻ

8) ശ്രീ. വരദകുമാർ.കെ.ഡി

9) ശ്രീ. മനോജ്കുമാർ. കെ.എസ്സ്.

10) ശ്രീ. സുനിൽ കുമാർ. പി.എസ്സ്.

11) ശ്രീ. അജിമോൻ

12) ശ്രീ. കിഷോർ.പിഎം.

13) ശ്രീ. സാജൻ. പി.എസ്സ്

എന്നിവരിൽ നിന്നു തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. 32,500/- (13 X 2500) രൂപ ഈയിനത്തിൽ ഈടാക്കാവുന്നതാണ്.

മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 10/30-07-2024 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ ശ്രീ. അജിമോൻ, ശ്രീ. കിഷോർ.പിഎം., ശ്രീ.

സാജൻ. പി.എസ്. എന്നിവർ വയറിംഗ് ജോലികൾ ഏറ്റെടുത്ത വരാണെന്നും അവർ 60 ദിവസത്തിൽ താഴെ മാത്രമേ പഞ്ചായത്ത് പ്രദേശത്ത് ജോലി ചെയ്തിട്ടുള്ളുവെന്നും ആയതിനാൽ തൊഴിൽ നികുതി ടിയാളുകളിൽ നിന്നും ഈടാക്കേണ്ടതില്ല എന്നും മറുപടി ഹാജരാക്കിയിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ച (1),(5),(6),(7),(8),(9),(10) എന്നീ ക്രമ നമ്പറുകാർ തൊഴിൽ നികുതി അടവാക്കിയതായി അറിയിച്ചിട്ടുണ്ട്.

എന്നാൽ ശ്രീ. വിനോദ്. ടി.കെ., ശ്രീ. രാജേഷ്. സി.,ശ്രീ. സുനിൽകുമാർ എം. ആർ. എന്നിവർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി 7,500/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. സാധിക്കാത്ത പക്ഷം നഷ്ടതുക 7500/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-14 സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല

പഞ്ചായത്തിന്റെ സ്ഥാപന നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങൾ/വ്യക്തികൾ നികുതികൾ അടച്ചതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനങ്ങളുടെ പേര് വിവരം | രണ്ട് അർദ്ധവർഷങ്ങളിലുമായി ഈടാക്കേണ്ട തുക |
|---|---|---|
| 1 | ടി.എസ്. നമ്പർ 76 | 1250x2 = 2500 |
| | ആകെ | 2500/- |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 10/30-07-2024 ന് മറുപടി ലഭ്യമാക്കിയ മറുപടിയിൽ ടി.എസ്. നമ്പർ 76 ൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥാപന നികുതി ഈടാക്കാത്തപക്ഷം നഷ്ടത്തുക 2500/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-15 കുത്തകപ്പാട്ടത്തിന് ഭൂമി നൽകിയത് - രേഖകൾ ലഭ്യമല്ല

പഞ്ചായത്തിന്റെ കുത്തകപ്പാട്ട രജിസ്റ്റർ പരിശോധിച്ചതിൽ 52 സർവ്വേ നമ്പരുകളിലായി 56 വ്യക്തികൾക്ക് പഞ്ചായത്തിന്റെ പല വാർഡുകളിലായി ഭൂമി പാട്ടത്തിന് നൽകിട്ടുണ്ടെന്ന് കാണുന്നു. എന്നാൽ ഇവരിൽ 03 സർവ്വേ നമ്പരുകളിൽ പെട്ട 03 പേരൊഴികെ മറ്റാരും തന്നെ വർഷങ്ങളായി പാട്ടം ഒടുക്കുന്നില്ല. 2022-23 വരെയുള്ള കുടിശിക 18366/- രൂപയാണ്. തന്നാണ്ടത്തെ ഡിമാന്റായ 2805/- രൂപയിൽ 135/- രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഭൂമിയുടെ വിവരങ്ങൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഭൂമി ആദ്യമായി പാട്ടത്തിന് നൽകിയ കാലയളവും ലഭ്യമാക്കിയിട്ടില്ല. പാട്ടക്കാരുമായി കരാറിൽ ഏർപ്പെട്ടതിനോ, പാട്ടത്തിന് നൽകിയ ഭൂമിയുടെ അളവെത്രയെന്നതിനോ, എത്ര നാളത്തേയ്ക്കാണ് ഭുമി പാട്ടത്തിന് നൽകിയിട്ടുള്ളതെന്നതിനോ പഞ്ചായത്തിൽ രേഖകളില്ല.

മേൽ വിഷയത്തിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 11/31-07-2024 ന് ലഭ്യമാക്കിയ മറുപടിയിൽ പാട്ടത്തിന് നൽകിയ ഭൂമിയുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, കൂടാതെ പാട്ടം അടയ്ക്കാത്ത ഭൂമി തിരിച്ചെടുക്കാൻ പാട്ടക്കരാറുകാർക്ക് 27-10-21 ൽ കത്ത് നൽകിയതായും പറഞ്ഞിട്ടുണ്ട്. പിന്നീട് തുടർ നടപടികളെന്നും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചതായി കാണുന്നില്ല. വില്ലേജിൽ നിന്നും ഭൂമിയുടെ വിവരങ്ങൾ എത്രയും വേഗം ലഭ്യമാക്കേണ്ടതും ഇതിന്മേൽ തുടർ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്, വിഷയം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 മരണപ്പെട്ട വ്യക്തിയ്ക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ

ഗ്രാമപഞ്ചായത്തിലെ ജനന മരണ റിപ്പോർട്ട് പരിശോധിച്ചതിൽ 01-11-2023 ൽ ശ്രീമതി.അമ്മിണി, പുത്തൻ പറമ്പ്, കുമരകം ഈസ്റ്റ്, കുമരകം എന്ന വ്യക്തി കടക്കരപ്പള്ളി പഞ്ചായത്തിലെ ഏഴാം വർഡിലെ കൈതക്കുഴിയിൽച്ചിറ വീട്ടിൽ വെച്ച് മരണപ്പെട്ടതായും, പ്രസ്തുത മരണം 20-11-2023 ൽ തന്നെ കടക്കരപ്പള്ളി പഞ്ചായത്തിൽ 124(23) നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ളതായും ബോദ്ധ്യപ്പെട്ടു.

01-11-2023 ൽ മരണപ്പെട്ട ടി വ്യക്തിയുടെ ആധാർ നമ്പർ അടിസ്ഥാനപ്പെടുത്തി സേവന സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചതിൽ ടിയാളുടെ പേരിൽ സൗത്ത് ഇന്ത്യൻ ബാങ്കിലുള്ള അക്കൗണ്ടിലേയ്ക്ക് 2023 ഡിസംബർ മുതൽ 2024 ഫെബ്രുവരി മാസം വരെ ആകെ 4,800/- രൂപ കുമരകം ഗ്രാമ പഞ്ചായത്തിൽ നിന്നും ടിയാരിയുടെ സാമൂഹ്യ സുരക്ഷാ പെൻഷനായി നൽകിയിട്ടുണ്ട്. ടി മരണം യഥാസമയം കുമരകം ഗ്രാമപഞ്ചായത്തിൽ അറിയിക്കാതിരുന്നതിനാലാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളത്.

മേൽ വിഷയത്തിന്മേൽ കാരണം ആരാഞ്ഞ് നൽകിയ 19/01-08-2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടിയിൽ മരണ വിവരം യഥാസമയം അറിയിക്കാൻ വിട്ടു പോയതാണെന്നും ആയത് കത്ത് മുഖേനയും, ഇമെയിൽ മുഖേനയും കുമരകം പഞ്ചായത്തിൽ അറിയിക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

**1-17 ഇലക്ഷൻ ഡെപ്പോസിറ്റ് ഉൾപ്പടെ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല**

വാർഷിക ധനകാര്യ പത്രികയിലെ ബി.7 ഷെഡ്യൂൾ പ്രകാരം വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി ₹4,06,248.00 തീർപ്പാക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം കോൺട്രാക്റ്റേഴ്സ് ഇ.എം.ഡി, സപ്ലൈയേഴ്സ് ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയടക്കം ഇതിൽ ഭൂരിഭാഗം ഡെപ്പോസിറ്റുകളുടെയും കാലയളവ് 2017-18 മുതലുള്ളതാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം 3 വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടാവുന്നതാണ്. ഇതുപ്രകാരം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്ന 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ഡെപ്പോസിറ്റുകൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി തനത് ഫണ്ടിലേക്ക് മുതൽകൂട്ടാവുന്നതാണെങ്കിലും ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. അതുപോലെ ഇലക്ഷൻ ഡിപ്പോസിറ്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ബാദ്ധ്യതയുള്ള 39,000.00 രൂപ 2020 നവംബർ മാസം 15,19 തീയതികളിലായി ലഭിച്ചതാണ്. ഇവയും നാളിതുവരെയായി ക്രമീകരിച്ചിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തെരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ തിരികെ നൽകേണ്ടാത്ത ഇലക്ഷൻ നിക്ഷേപവും കാലഹരണപ്പെട്ടതുമായ ഡിപ്പോസിറ്റുകളും തനത് ഫണ്ടിൽ മുതൽകൂട്ടാവുന്നതുമാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങളും ലഭ്യമായിട്ടില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18 തീയതി-01/08/2024) നൽകിയ മറുപടിയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-18 ദീർഘകാലമായി നിലനിൽക്കുന്ന ബാധ്യതകൾ തീർപ്പാക്കുന്നില്ല**

വാർഷിക ധനകാര്യ പത്രികയിലെ ബി.4 ഷെഡ്യൂൾ പ്രകാരം നിർമ്മൽ പുരസ്ക്കാരം, ബെസ്റ്റ് പഞ്ചായത്ത് അവാർഡ്, കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കുള്ള ഫണ്ട്-ആയുർവേദം എന്നീയിനങ്ങളിലായി തുക ചെലവഴിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ നിർമ്മൽ പുരസ്ക്കാരം ലഭിച്ച തുകയിൽ 1,40,000/- രൂപ, 2014-15 സാമ്പത്തിക വർഷം മുതലും ആർദ്രം മിഷൻ ജില്ലാതല ബെസ്റ്റ് പഞ്ചായത്ത് അവാർഡ് തുകയിൽ നിന്നും 1,52,887/- രൂപ, 2018-19 സാമ്പത്തിക വർഷം മുതലും ചെലവഴിക്കാതെ സൂക്ഷിച്ചിട്ടുള്ളതാണ്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് (ആയുർവേദം) തുക 5,00,000/- രൂപ കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ചതാണ്. ഇപ്രകാരം വർഷങ്ങളായി പ്രത്യേക ശീർഷകങ്ങളിൽ സൂക്ഷിച്ചിട്ടുള്ള തുക പദ്ധതികൾ തയ്യാറാക്കി ചെലവഴിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വിശദീകരിച്ചിട്ടില്ല. അതുപോലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിലേക്കുള്ള വിഹിതം 5,111/- രൂപ (ഹെഡ് കോഡ്- 320900101), Value Added Tax ഒടുക്കുവാനുള്ള 15,367/- രൂപ (ഹെഡ് കോഡ്- 350300103), പെൻഷൻ തിരികെ ലഭിച്ചത് ഒടുക്കുവാനുള്ള 18331/- രൂപ (ഹെഡ് കോഡ്- 350400999), കോർട്ട്ഫീ സ്റ്റാമ്പ് വില 480/- രൂപ (ഹെഡ് കോഡ്- 350300103) എന്നിവയും ദീർഘകാലമായി നിലനിർത്തിയിട്ടുള്ള ബാധ്യതകളാണ്. ഇവ അതത് ഫണ്ടുകളിലേക്ക് ഒടുക്കാനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങളും ലഭ്യമായിട്ടില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21 തീയതി-01/08/2024) നൽകിയ മറുപടിയിൽ ദീർഘകാലമായി നിലനിൽക്കുന്ന ബാധ്യതകൾ തീർപ്പാക്കുന്നതിനും ചെലവഴിക്കാൻ ബാക്കിയുള്ള ഗ്രാന്റുകൾ പ്രോജക്ടുകൾ തയ്യാറാക്കി ചെലവഴിക്കുന്നതിനും

നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-19 ഗ്രാമപഞ്ചായത്തിലെ അംഗീകൃത തസ്തികകളിൽ സ്ഥിരനിയമനം നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ പഞ്ചായത്ത് ഓഫീസ് സ്വീപ്പർ, മാർക്കറ്റ് സ്വീപ്പർ എന്നീ തസ്തികകളിൽ തനത് ഫണ്ടിൽ നിന്നും ദിവസവേതനം നൽകി വരുന്നതായി കണ്ടെത്തിയിട്ടുണ്ട്. പ്രതിമാസം 8,000/- രൂപ നിരക്കിലാണ് (വൗച്ചർ നമ്പർ - 22300013 & 22300014 Dtd 03/04/2023) ഈ രണ്ട് തസ്തികകളിലും ജീവനക്കാർക്ക് വേതനം അനുവദിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ ഒഴിവുള്ള സ്ഥിരം തസ്തികകളിലേക്കാണോ ദിവസവേതന അടിസ്ഥാനത്തിൽ മേൽ നിയമനങ്ങൾ നടത്തിയിട്ടുള്ളതെന്നും, അംഗീകൃത തസ്തികകൾ ആണെങ്കിൽ ഈ തസ്തികകളിൽ ഒഴിവു വന്നത് എന്നു മുതലാണെന്നും, ഇവയിൽ സ്ഥിരനിയമനത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-24 തീയതി 02/08/2024) നൽകിയതിന് സർക്കാർ അംഗീകൃത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഒഴിവ് വരുന്ന സ്ഥിരം തസ്തികകളിൽ നിയമാനുസൃത നടപടിക്രമങ്ങളിലൂടെ സ്ഥിരം ജീവനക്കാരെ തന്നെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 ഐ.കെ.എം മെമ്പർഷിപ്പ് ഫീസ് -കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 215/2024 |
| പേര് | ഐ.കെ.എം മെമ്പർഷിപ്പ് ഫീസ് |
| ആകെ അടങ്കൽ | ₹6,00,000/-വികസനഫണ്ട് (ജനറൽ) |
| ആകെ ചെലവ് | ₹6,00,000/-വികസനഫണ്ട് (ജനറൽ) |
| ബിൽ നം. തീയതി/തുക | TRN- 230605000000024223 Dtd 31/03/2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |

ഇൻഫർമേഷൻ കേരള മിഷൻ സൊസൈറ്റിയുടെ ബൈലോ സെക്ഷൻ 20(a) പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും 2013-14 മുതൽ 2015-16 വരെ തുടർച്ചയായ മൂന്ന് വർഷങ്ങളിൽ പ്രതിവർഷം 3,00,000/- രൂപ നിരക്കിൽ ഐ.കെ.എം.-ന് മെമ്പർഷിപ്പ് ഫീസായി നൽകണമെന്നും ഈ തുക ഒടുക്കാത്ത തദ്ദേശസ്ഥാപനങ്ങൾക്ക് 2023-24 ലെ വികസനഫണ്ട് ജനറലിൽ ചെലവഴിക്കാത്ത തുക ഈ ആവശ്യത്തിനായി ജി.ഒ പ്രോജക്ടായി ഏറ്റെടുക്കാമെന്നും സർക്കാർ ഉത്തരവ് (പി) നമ്പർ -538/2024 /ത.സ്വ.ഭ.വ. തീയതി 05/03/2024 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഇതുപ്രകാരം ഗ്രാമപഞ്ചായത്ത് നൽകാനുള്ള രണ്ട് വർഷത്തെ മെമ്പർഷിപ്പ് ഫീസായി ₹6,00,000/- വികസനഫണ്ട് ജനറലിൽ നിന്നും ജി.ഒ. പ്രോജക്ട് തയ്യാറാക്കി ഐ.കെ.എം-ന്റെ അക്കൗണ്ടിലേയ്ക്ക് 31.03.2024 ൽ കൈമാറിയിട്ടുണ്ട്. 22-12-2012 ലെ സർക്കാർ ഉത്തരവ് (കൈ) നം.343/2012/ത.സ്വ.ഭ.വ., 21.01.2013 ലെ സർക്കാർ ഉത്തരവ് (സാധാ)നം.152/2013/ത.സ്വ.ഭ.വ. 26.03.2013 ലെ സർക്കാർ ഉത്തരവ് (സാധാ)നം.804/2013/ത.സ്വ.ഭ.വ. എന്നിവ പ്രകാരമെല്ലാം ഇക്കാര്യം നിർദ്ദേശിച്ചിരുന്നതിനാൽ ഈ തുക ഗ്രാമപഞ്ചായത്ത് മുമ്പ് നൽകിയിരുന്നോ എന്ന കാര്യത്തിൽ വ്യക്തതയുണ്ടായിരുന്നില്ല. ഈ സാമ്പത്തിക വർഷം സർക്കാർ ഉത്തരവ് പ്രകാരം നൽകിയ ഈ തുകയ്ക്കു് ഐ.കെ.എം-ൽ നിന്നും കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ചുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3 തീയതി-30/07/2024) നൽകിയ മറുപടിയിൽ മെമ്പർഷിപ്പ് ഫീസ് ഒടുക്കാത്ത സ്ഥാപനങ്ങളുടെ പട്ടിക ഡയറക്ട്രേറ്റിൽ നിന്നും നല്കിയത് പ്രകാരമാണ് തുക അനുവദിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ കൈപ്പറ്റ് രസീതിന്റെ അഭാവത്തിൽ ₹6,00,000/-ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 തെരുവുവിളക്ക് നീട്ടൽ -കരാർ ചമച്ച് പ്രവൃത്തി ആരംഭിച്ചിട്ടില്ല

| | |
|---|---|
| നമ്പർ | S0054/24 |
| പേര് | തെരുവുവിളക്ക് നീട്ടൽ |
| അടങ്കൽ തുക | **₹14,00,000/-** |

| | |
|---|---|
| | (₹7,00,000/-വികസനഫണ്ട് (ജനറൽ) ₹7,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതം)) |
| ചെലവ് | **₹6,81,432/-** (ജില്ലാ പഞ്ചായത്ത് വിഹിതം) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവുവിളക്ക് നീട്ടുന്നതിനായി തയ്യാറാക്കിയ പ്രോജക്ട് പ്രകാരം കെ.എസ്.ഇ.ബി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി ലഭ്യമാക്കിയ എസ്റ്റിമേറ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | എ.എസ് നമ്പർ | എസ്റ്റിമേറ്റ് തുക | റിവൈസ്ഡ് എസ്റ്റിമേറ്റ് തുക |
|---|---|---|---|
| 3 | 2023-24/5102/43 Dtd 01/01/24 | ₹3,05,626/- | ₹3,71,245/- |
| 2,5 & 6 | 2023-24/5102/42 Dtd 01/01/24 | ₹3,02,638/- | ₹3,37,039/- |
| 1,4,13 | 2023-24/5102/41 Dtd 01/01/24 | ₹3,07,956/- | ₹3,70,979/- |
| 3 | 2023-24/5102/40 Dtd 27/12/23 | ₹4,65,164/- | ₹5,62,790/- |

പ്രോജക്ട് പ്രകാരം നൽകേണ്ടതിൽ ജില്ലാ പഞ്ചായത്ത് വിഹിതമായ ₹7,00,000/-യിൽ ₹6,81,432/- 09/02/2024 ൽ കെ.എസ്.ഇ.ബി ക്ക് കൈമാറിയിരുന്നു. എന്നാൽ ഈ തുക കൈമാറിയപ്പോഴും ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബിയുമായി കരാർ ചമച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് വിഹിതമായ 6,99,952/- രൂപ 21/06/2024 ലാണ് കൈമാറിയത്. 2023 മാർച്ച് മാസം കെ.എസ്.ഇ.ബി താരിഫ് റിവൈസ് ചെയ്തതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി നൽകിയ കത്ത് പ്രകാരം ₹260665/- കൂടി ഡെപ്പോസിറ്റ് ചെയ്താൽ മാത്രമേ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ എന്ന സ്ഥിതിയുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1.കെ.എസ്.ഇ.ബി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് വാർഡടിസ്ഥാനത്തിൽ ഉള്ളതായതിനാൽ ഇവ ഓരോന്നും ഓരോ പ്രവൃത്തിയായി നടപ്പാക്കുന്നത് പരിഗണിക്കാമായിരുന്നു. അങ്ങനെയെങ്കിൽ തുക മുഴുവൻ ഡെപ്പോസിറ്റ് ചെയ്യാത്തത് മൂലമുള്ള കാലതാമസം ഒഴിവാക്കാമായിരുന്നു.

2.ജില്ലാ പഞ്ചായത്ത് വിഹിതം തുക 09/02/2024ന് തന്നെ നൽകിയതിനാൽ കരാറിലേർപ്പെട്ടിരുന്നെങ്കിൽ ഈ തുക ഉപയോഗിച്ച് ഇതിനകം രണ്ട് പ്രവൃത്തികളെങ്കിലും പൂർത്തീകരിക്കാനാകുമായിരുന്നു.

3. ഗ്രാമപഞ്ചായത്ത് ₹13,81,384/- ഇതിനകം കെ.എസ്.ഇ.ബിക്ക് നൽകിയെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റ് തുക പൂർണ്ണമായി ഒടുക്കാത്തതിനാൽ കരാർ ചമക്കുകയോ പ്രവൃത്തി ആരംഭിക്കുകയോ ചെയ്തിട്ടില്ല. ബാക്കി തുക ഒടുക്കി കരാർ ഒപ്പിടുന്ന തീയതി വരെ നൽകിയ തുക നിഷ്ക്രിയമായി കെ.എസ്.ഇ.ബിയുടെ പക്കൽ നിലനില്ക്കും.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3 തീയതി 30/07/2024) ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് സംബന്ധിച്ച് കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെടുന്നതിനും പ്രോജക്ടുനടത്തിപ്പിനായി ബാക്കി ഒടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം ജില്ലാപഞ്ചായത്ത് വിഹിതം നൽകിയ തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവ് തുക ₹6,81,432/- തടസ്സപ്പെടുത്തുന്നു. പ്രോജക്ട് പൂർത്തിയാക്കി വിനിയോഗവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-22 സ്വയംതൊഴിൽ വനിത (വ്യക്തിഗതം)-വ്യക്തിഗത ആനുകൂല്യം ഗ്രൂപ്പ് സംരംഭത്തിന് അനുവദിച്ചു**

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | സ്വയംതൊഴിൽ -വനിത വ്യക്തിഗതം<br>(S0107/24) |
| അടങ്കൽ | ₹3,90,000/- (വികസന ഫണ്ട് -ജനറൽ)<br>₹10,000/- ( ഫണ്ട് -ജനറൽ)<br>₹8,00,000/- (വികസന ഫണ്ട് -ജനറൽ)<br>ആകെ₹ 12,00,000/- |
| ചെലവ് | ₹50,000/- (വികസന ഫണ്ട് -ജനറൽ) |
| ബിൽ/ചെക്ക്നം/ തീയതി | TRN No.230605000000023870 &Dtd 26-03-2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, കടക്കരപ്പള്ളി |

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വനിതാ വ്യക്തിഗത സ്വയംതൊഴിൽ സംരംഭത്തിനായി വികസനഫണ്ടിൽ നിന്നും ₹50,000/- ചെലവഴിച്ചിട്ടുണ്ട്. ശ്രീമതി.സോണി റ്റി.പി, വൃന്ദാവനം, തൈക്കൽ പി.ഒ എന്ന ഗുണഭോക്താവിന് "ഫ്ലയർസ് സ്റ്റിച്ചിംഗ് സെന്റർ" എന്ന തയ്യൽ യൂണിറ്റ് ആരംഭിക്കുന്നതിനാണ് പ്രോജക്ടിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുള്ളത്. പ്രോജക്ടിന്റെ നിർവ്വഹണ സംബന്ധമായ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.പതിനാലാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ (കൈ) നം-15/2022/ ത.സ്വ.ഭ.വ തീയതി 28/05/2022) പ്രകാരം വനിതാ വ്യക്തിഗത സ്വയംതൊഴിൽ സംരംഭമായാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ പ്രോജക്ടിനൊപ്പമുള്ള രേഖകൾ പ്രകാരം ശ്രീമതി സോണി റ്റി.പി, വൃന്ദാവനം, തൈക്കൽ പി.ഒ , ശ്രീമതി.നിഷാകുമാരി.എൽ, തറയിൽ ഹൗസ്, തൈക്കൽ പി.ഒ എന്നിവർ ചേർന്നുള്ള ഗ്രൂപ്പ് സംരംഭത്തിനാണ് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.(ലൈസൻസ് നം-400395/ RPTL19/ GPO/ 2024/ 839 Dtd 29/02/2024).

2.സ്വയംതൊഴിൽ ധനസഹായം നൽകിയ ഫ്ലയർസ് സ്റ്റിച്ചിംഗ് സെന്റർ എന്ന സ്ഥാപനം പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്ത് 5-ാം വാർഡിലെ 380 E നമ്പർ കടമുറിയുടെ ഉടമയുമായി ചമച്ച വാടക കരാർ പ്രകാരവും ശ്രീമതി സോണി റ്റി.പി, വൃന്ദാവനം, തൈക്കൽ പി.ഒ, ശ്രീമതി.നിഷാകുമാരി.എൽ, തറയിൽ ഹൗസ്, തൈക്കൽ പി.ഒ എന്നിവർ ചേർന്നാണ് കടമുറി വാടകക്ക് എടുത്തിട്ടുള്ളത്.

3. പ്രോജക്ടിനൊപ്പം ഹാജരാക്കിയ വാങ്ങലുകളുമായി ബന്ധപ്പെട്ട രേഖകളിലും ഈ രണ്ട് പേരുടേയും വിലാസത്തിലാണ് ബില്ലുകൾ ലഭ്യമാക്കിയിട്ടുള്ളത്.

വ്യക്തിഗത സ്വയംതൊഴിൽ സംരംഭത്തിനായി തയ്യാറാക്കിയ പ്രോജക്ടിൽ നിന്നും ഗ്രൂപ്പ് സംരംഭത്തിന് ധനസഹായം അനുവദിച്ചത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 1 –തീയതി -29/07/2024) നൽകിയ മറുപടിയിൽ വ്യക്തിഗത സ്വയംതൊഴിൽ സംരംഭമാണ് നടത്തുന്നതെന്നും കെട്ടിട ഉടമയുടെ നിർബന്ധ പ്രകാരമാണ് വാടക കരാർ രണ്ടുപേരുടെ പേരിൽ തയ്യാറാക്കിയതെന്നും വാടക കരാർ ഹാജരാക്കിയതിനാലാണ് ഗ്രാമപഞ്ചായത്ത് രണ്ടുപേരുടെ പേരിൽ ലൈസൻസ് അനുവദിച്ചതെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ ശ്രീമതി സോണി റ്റി.പി, വൃന്ദാവനം, തൈക്കൽ പി.ഒ, ശ്രീമതി നിഷാകുമാരി.എൽ, തറയിൽ ഹൗസ്, തൈക്കൽ പി.ഒ എന്നിവരുടെ പേരിലാണ് ലൈസൻസിന് അപേക്ഷിച്ചിട്ടുള്ളത്. രണ്ടുപേരാണ് സ്ഥാപനത്തിൽ ജോലിചെയ്യുന്നതെന്നും അപേക്ഷയിൽ വ്യക്തമാക്കിയിട്ടുണ്ട് . അപേക്ഷയിന്മേൽ ഗ്രാമപഞ്ചായത്ത് നടത്തിയ പരിശോധന റിപ്പോർട്ടിലും 5-ാം വാർഡിലെ 380 E നമ്പർ കടമുറിയിൽ ആരംഭിക്കുന്ന സ്ഥാപനത്തിന് രണ്ടുപേരുടേയും പേരിൽ ലൈസൻസ് നൽകാനാണ് ശുപാർശ നൽകിയിട്ടുള്ളത്. ഇക്കാരണങ്ങളാൽ നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നില്ല. ഗ്രൂപ്പ് സംരംഭങ്ങൾക്കായാണ് പ്രോജക്ട് തയ്യാറാക്കിയതെങ്കിൽ കൂടുതൽ ഗുണഭോക്താക്കൾ പ്രോജക്ട് ആനുകൂല്യത്തിനായി അപേക്ഷിക്കാനും ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമവും അതനുസരിച്ച് മാറ്റം വരാനും സാധ്യതയുണ്ട്. വ്യക്തിഗത ആനുകൂല്യം അനുവദിച്ച ഗുണഭോക്താവിന്റെ അർഹതാമാനദണ്ഡങ്ങളും രേഖകളും മാത്രമാണ് പ്രോജക്ടിനായി പരിശോധിക്കപ്പെട്ടുള്ളത്. സംരംഭത്തിൽ പങ്കാളിയുടെ വിശദാംശങ്ങൾ, അർഹതാ പരിശോധന എന്നിവയൊന്നും നടന്നിട്ടില്ല. ഗ്രാമപഞ്ചായത്ത് വ്യക്തിഗതസംരംഭത്തിനായി പ്രോജക്ട് തയ്യാറാക്കുകയും എല്ലാ വാർഡുകളിലേയും ഗ്രാമസഭകളിൽ ഈ വിവരം അറിയിക്കുകയും അപേക്ഷകൾ സ്വീകരിക്കുകയും

ചെയ്തശേഷം നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ട് ഗ്രൂപ്പ് സംരംഭമായി ആരംഭിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വനിതകൾക്കായി ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനായി ഗ്രാമപഞ്ചായത്ത് തൻവർഷം പ്രോജക്ടുകളൊന്നും തന്നെ നടപ്പാക്കിയിട്ടില്ല. ആയതിനാൽ ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് താത്പര്യമുള്ള ഗുണഭോക്താക്കൾക്ക് അതിനുള്ള അവസരം ലഭിച്ചിട്ടില്ല. പഞ്ചായത്ത് അംഗീകരിച്ച് ജില്ലാ ആസൂത്രണ സമിതി അംഗീകാരം വാങ്ങി, ഗ്രാമസഭകളിലൂടെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത പ്രോജക്ടിൽ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ അംഗീകാരമില്ലാതെ നിർവ്വഹണഘട്ടത്തിൽ മാറ്റം വരുത്തുന്നത് ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-23 ലൈഫ് ഭവന പദ്ധതി -ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല**

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ ലൈഫ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തുക കൈപ്പറ്റിയതിന്റെ വിവരം |
|---|---|---|
| | എസ്.സി വിഭാഗം | |
| 1 | ശ്രീ.വിമൽകുമാർ, വരമ്പുചിറ,വാർഡ് -13 | ആദ്യഗഡു വാങ്ങിയത് -13/12/2022<br>അവസാന ഗഡു വാങ്ങിയത്-13/12/22<br>ആകെ കൈപ്പറ്റിയ തുക-40,000 |
| 2 | ശ്രീ.ബിജു, ചാലിൽ, വാർഡ് -13 | ആദ്യഗഡു വാങ്ങിയത്- 29/6/2022<br>അവസാനഗഡു വാങ്ങിയത്- 12/5/23<br>ആകെ കൈപ്പറ്റിയ തുക-₹ 2,00,000/- |
| 3 | ശ്രീ.സാബു, പൊള്ളയിൽ, വാർഡ് -10 | ആദ്യഗഡുവാങ്ങിയത്- 29/6/22<br>അവസാനഗഡു വാങ്ങിയത്-27/12/23<br>ആകെ കൈപ്പറ്റിയ തുക-₹ 2,00,000/- |
| 4 | ശ്രീമതി ചന്ദ്രിക, തുരുത്തേൽ നികർത്ത്, വാർഡ് - 13, കടക്കരപ്പള്ളി | ആദ്യഗഡു വാങ്ങിയത്- 29/06/2022<br>അവസാന ഗഡു വാങ്ങിയത് -13/3/23<br>ആകെ കൈപ്പറ്റിയ തുക- ₹ 2,00,000/- |
| 5 | ശ്രീമതി ശ്രീജ, ചെറുതുരുത്തിക്കുളം, വാർഡ് -13 | ആദ്യഗഡു വാങ്ങിയത്- 26/03/2022<br>അവസാന ഗഡു വാങ്ങിയത്-2/9/2023<br>ആകെ കൈപ്പറ്റിയ തുക-300000 |
| 6 | ശ്രീമതി അജിത മദനൻ, ചക്കംതുരുത്ത്, വാർഡ് -13 | ആദ്യഗഡു വാങ്ങിയത്- 16/03/2022<br>അവസാന ഗഡു വാങ്ങിയത്-20/5/23<br>ആകെ കൈപ്പറ്റിയ തുക-360000 |
| | **ജനറൽ വിഭാഗം** | |

| | | |
|---|---|---|
| 1 | ശ്രീമതി എൽസമ്മ ഡെന്നിസ്, പാല്യത്തുതയ്യിൽ, വാർഡ് -12 | ആദ്യഗഡു വാങ്ങിയത് -07/03/2023<br>അവസാന ഗഡു വാങ്ങിയത്-4/1/2024<br>ആകെ കൈപ്പറ്റിയ തുക-300000 |
| 2 | ശ്രീമതി സുമതി രവീന്ദ്രൻ, കണ്ടത്തിപ്പറമ്പ്, വാർഡ് -13 | ആദ്യഗഡു കൈപ്പറ്റിയത് -12/5/23<br>അവസാന ഗഡു നല്കിയത് 23/12/23<br>ആകെ കൈപ്പറ്റിയ തുക – 2,00,000 |

മേൽ പരാമർശിച്ചിരിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3 തീയതി-30/07/2024) നൽകിയ മറുപടിയിൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-24 വീട് വാസയോഗ്യമാക്കൽ- അഡ്വാൻസ് വാങ്ങിയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | എസ് 0109/24<br>വീട് വാസയോഗ്യമാക്കൽ -ജനറൽ |
| അടങ്കൽ | ₹14,00,000/-(വികസനഫണ്ട്-ജനറൽ) |
| ചെലവ് | ₹13,00,000/-(വികസനഫണ്ട്-ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കടക്കരപ്പള്ളി |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കടക്കരപ്പള്ളി നടപ്പിലാക്കിയ **വീട് വാസയോഗ്യമാക്കൽ (ജനറൽ)** എന്ന് പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ 28 ഗുണഭോക്താക്കൾക്ക് അറ്റകുറ്റപ്പണികൾക്കായി ധനസഹായം നൽകിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് ₹25,000/- വീതമുള്ള രണ്ട് ഗഡുക്കളായി ആകെ ₹50,000/- യുടെ ധനസഹായമാണ് അനുവദിക്കുന്നത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിലേർപ്പെട്ട് അഡ്വാൻസ് വാങ്ങിയ 4 ഗുണഭോക്താക്കൾ കരാർ കാലാവധി അവസാനിച്ച് ശേഷവും അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് അവസാനഗഡു തുക കൈപ്പറ്റിയിട്ടില്ല. വിശദവിവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര്, വിലാസം | ട്രഷറി റഫറൻസ് നം. & തിയതി | നൽകിയ തുക |
|---|---|---|
| ബേബി ദാസൻ, മേപ്പള്ളി, കടക്കരപ്പള്ളി | TRN-230605000000016410 Dt 13/12/2023 | Rs.25,000/- |
| മിനി,ചിറയിൽ, കടക്കരപ്പള്ളി | TRN-230605000000014162 Dtd 13/11/2023 | Rs.25,000/- |
| വാസന്തി,കരിപ്പറമ്പിൽ, കടക്കരപ്പള്ളി | TRN-230605000000020363dtd.12/2/2024 | Rs.25,000/- |
| ഷാജി എം.ജെ, മരക്കാശ്ശേരി, കടക്കരപ്പള്ളി | TRN-230605000000023873dtd26/3/2024 | Rs.25,000/- |
| | **ആകെ** | ₹ **1,00,000/-** |

ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചതിന്റെ വാല്യുവേഷൻ ലഭിക്കുകയോ അഡ്വാൻസ് തുക തിരികെ നൽകുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6 തീയതി-30/07/2024) നൽകിയ മറുപടിയിൽ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ അഡ്വാൻസ് നൽകിയ ₹1,00,000/- ചെലവ് തടസ്സപ്പെടുത്തുന്നു. അഡ്വാൻസ് വാങ്ങിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാത്തപക്ഷം അവർ കൈപ്പറ്റിയ തുക തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-25 കുടുംബശ്രീ മിഷനിൽ നിന്നും ഭവനനിർമ്മാണത്തിനായി അനുവദിച്ച തുക സിഡിഎസ് അക്കൌണ്ടിൽ ചെലവഴിക്കാതെ സൂക്ഷിക്കുന്നു**

കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി അനുവദിച്ച് നൽകിയ തുക വർഷങ്ങളായി ചെലവഴിക്കപ്പെടാതെ ഗ്രാമപഞ്ചായത്ത് സി.ഡി.എസ്. അക്കൗണ്ടിൽ നിലനിൽക്കുന്നുണ്ട്. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ 22/03/2016 ലെ 7671/DP/15/KSAPA നമ്പർ ഉത്തരവ് പ്രകാരം നൽകിയ 40,00,000/- രൂപയിൽ 2,50,000/- രൂപയും ജില്ലാ മിഷൻ കോർഡിനേറ്ററുടെ 21/03/2018 ലെ 3458/DP/17/KSAPA നമ്പർ ഉത്തരവ് പ്രകാരം നൽകിയ 9,00,000/- രൂപയിൽ 3,00,000/- രൂപയും ചേർത്ത് ആകെ ₹5,50,000/-യാണ് ഭവനനിർമ്മാണ ധനസഹായത്തിൽ ചെലവഴിക്കാനവശേഷിക്കുന്നത്. ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി മറിയാമ്മ, കുരിശിങ്കൽ എന്ന ഗുണഭോക്താവിന് ഭവനനിർമ്മാണത്തിനായി അനുവദിച്ച ₹2,50,000 ഗുണഭോക്താവ് മരണപ്പെട്ടതിനാൽ ചെലവഴിച്ചിട്ടില്ല. അതുപോലെ ശ്രീമതി രമണി ഊട്ട്പറമ്പിൽ എന്നയാൾക്ക് ഭവനിർമ്മാണത്തിനായി അനുവദിച്ച ₹3,00,000/- സ്ഥലം സംബന്ധമായ രേഖകൾ ഗുണഭോക്താവ് ഹാജരാക്കാതിരുന്നതിനാൽ ചെലവഴിച്ചിട്ടില്ല. ഭവനനിർമ്മാണത്തിനുള്ള ധനസഹായ തുക സർക്കാർ ഉയർത്തിയതിനാൽ ഈ തുകക്ക് ഭവനനിർമ്മാണത്തിന് ഗുണഭോക്താക്കൾ തയ്യാറാകാത്ത സ്ഥിതിയുണ്ട്. ഈ സാഹചര്യത്തിൽ ഭവനപദ്ധതിക്കായി അനുവദിച്ച തുക നിലവിലെ ഉയർന്ന നിരക്കിൽ അർഹരായ മറ്റ് ഗുണഭോക്താക്കളെ കണ്ടെത്തി ആനുകൂല്യം അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്. എന്നാൽ ഇക്കാര്യത്തിന് കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും അനുവാദം ലഭിക്കേണ്ടതാണ്. ജില്ലാ മിഷനിൽ നിന്നും സഹായം അനുവദിക്കുന്ന മറ്റ് പദ്ധതികളിലേക്ക് ഈ തുക മാറ്റാൻ സാധിക്കുമോ എന്ന കാര്യവും പരിശോധിക്കാവുന്നതാണ്. ജില്ലാ മിഷനിൽ നിന്നും ലഭിച്ച തുക ചെലവഴിക്കുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങളും ഭവന നിർമ്മാണ ധനസഹായം അനുവദിച്ച് എട്ടുവർഷം കഴിഞ്ഞിട്ടും തുക ചെലവഴിക്കാത്തതിനുള്ള വിശദീകരണവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 17 തിയതി-01/08/2024) ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മറ്റ് ആശ്രയ ഗുണഭോക്താക്കൾക്കായി ഭവനം നിർമ്മിക്കുന്നതിന് തുക ഉപയോഗിക്കാൻ അനുവദിക്കണമെന്ന് കുടുംബശ്രീ മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുക ചെലവഴിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-26 അഗതി -ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണം- വിതരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.**

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | അഗതി-ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണം<br>പ്രോജക്ട് നം- 100/2024 |
| അടങ്കൽ | ₹6,00,000/- (വികസന ഫണ്ട് -ജനറൽ) |
| ചെലവ് | ₹6,00,000/- (വികസന ഫണ്ട് -ജനറൽ) |
| ബിൽ/ചെക്ക് നം./ തീയതി | TRN No.230605000000006388 Dtd 20-07-2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ കടക്കരപ്പള്ളി |

ഗ്രാമപഞ്ചായത്തിലെ അഗതി-ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണം വിതരണം ചെയ്യുന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും ₹6,00,000 ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ സി.ഡി.എസ് അക്കൗണ്ടിലേക്കാണ് പദ്ധതി തുക കൈമാറിയിട്ടുള്ളത്. പ്രോജക്ട് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

01. ഗ്രാമപഞ്ചായത്തിലെ അഗതി-ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നതിനായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ ഗുണഭോക്താക്കൾക്ക് ഭക്ഷ്യസാധനങ്ങൾ ലഭിച്ചത് ഉറപ്പുവരുത്താൻ സാധിക്കാത്ത സ്ഥിതിയുണ്ട്.

02. നിലവിലുള്ള ഗുണഭോക്താക്കൾക്ക് സാധനങ്ങൾ നൽകുന്നതിനുള്ള തുക മുൻകൂറായി സപ്ലൈകോ ഔട്ട് ലെറ്റിന് നൽകുകയും അവർ സാധനങ്ങൾ വിതരണം ചെയ്തതിന് ശേഷം ബിൽ ലഭ്യമാക്കുകയുമാണ് നടന്നുവരുന്നത്. ഗുണഭോക്താക്കൾ സാധനം വാങ്ങുന്നത് ഉറപ്പാക്കാതെ മുൻകൂർ പണം ചെലവഴിക്കപ്പെടുന്ന സ്ഥിതിയുണ്ട്. ഗുണഭോക്താക്കൾ മുഴുവൻ സാധനങ്ങൾ വാങ്ങുന്നതുവരെ പദ്ധതിപ്പണം സപ്ലൈകോയിൽ ഡെപ്പോസിറ്റായി തുടരുന്ന സ്ഥിതിയുണ്ട്. പ്രോജക്ട് ഗുണഭോക്താക്കൾ സാധനങ്ങൾ വാങ്ങാതിരിക്കുന്ന സാഹചര്യങ്ങളിൽ മുൻകൂർ നൽകുന്ന തുക എങ്ങനെ ക്രമീകരിക്കുമെന്ന കാര്യത്തിലും വ്യക്തതയില്ല. പ്രോജക്ട് കാലയളവിൽ എത്ര തുക സപ്ലൈകോയിൽ നിന്നും തിരികെ ലഭ്യമായിട്ടുണ്ട്/ക്രമീകരിച്ചിട്ടുണ്ട് എന്ന വിവരവും ലഭ്യമായിട്ടില്ല.

പദ്ധതിപ്പണം സി.ഡി.എസ് അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നത് പരിശോധിക്കപ്പെടുന്നില്ല.

03. അഗതി ആശ്രയ പട്ടികയിൽ നിന്നും നീക്കം ചെയ്യപ്പെടേണ്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ സമയബന്ധിതമായി നീക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല.

04. ഭക്ഷണ വിതരണത്തിനായി നൽകുന്ന തുക പണമായി പിൻവലിച്ചാണ് സപ്ലൈകോ ഔട്ട് ലൈറ്റിന് കൈമാറിയിട്ടുള്ളത്. ബാങ്ക് അക്കൗണ്ടുകൾ സാർവ്വത്രികവും ബാങ്ക് ഇടപാടുകൾ വേഗത്തിലും വളരെ അനായാസമായും സാധ്യമാകുന്ന സമയത്ത് ചെലവുകൾ പണമായി കൈമാറുന്നത് സർക്കാർ ഉത്തരവുകൾക്കും [കേരള പഞ്ചായത്ത് രാജ്(അക്കൗണ്ടിംഗ്)ചട്ടം 2011, ചട്ടം 34(4),(5) & ജി.ഒ.(പി)177/2006/fin Dtd 12.04.2006, 8.1, 8.2 & 8.3] റിസർവ്വ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾക്കും എതിരാണ്. പ്രോജക്ട് തുക കൈമാറ്റത്തിന് ചെക്ക്/അക്കൗണ്ട് ട്രാൻസ്ഫർ നടപ്പാക്കാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കിയിട്ടില്ല.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-12 തീയതി-30/07/2024) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അഗതി-ആശ്രയ ഗുണഭോക്താക്കൾക്കുള്ള പദ്ധതിയിൽ സുതാര്യത ഉറപ്പാക്കുന്നതിലേക്കായി ആനുകൂല്യവിതരണത്തിന് ശേഷം, രേഖകൾ കൃത്യമായി ലഭ്യമായശേഷം മാത്രം സപ്ലൈകോക്ക് തുക അനുവദിക്കുന്ന രീതി നടപ്പാക്കുന്നത് പരിശോധിക്കേണ്ടതാണ്. ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുംവിധം മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുവാനും ഗുണഭോക്താക്കൾ കൈപ്പറ്റാത്ത സാഹചര്യങ്ങളിൽ സമയബന്ധിതമായി തുക തിരികെ ലഭ്യമാക്കുന്നതിനും പണമിടപാടുകൾ പൂർണ്ണമായും ചെക്ക് ട്രാൻസ്ഫർ /അക്കൌണ്ട് ട്രാൻസ്ഫർ ആയി നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-27 പാലിനും, കാലിത്തീറ്റയ്ക്കും സബ്സിഡി- അംഗീകൃത ഗുണഭോക്തൃലിസ്റ്റ് അപൂർണ്ണം**

പാലിന് സബ്സിഡി

പ്രോജക്റ്റ് നം. എസ്039/23-24

**അടങ്കൽ** 10,23,219/-

ചെലവ് 8,70,173/- (ബിൽ നം. 2-24 /13-11-23 /85219/-

(ബിൽ നം. 14-24 /05-01-24/26830/-)

നിർവ്വഹണം -ഡയറി ഫാം ഇൻസ്ട്രക്റ്റർ

ഡയറി ഫാം ഇൻസ്ട്രക്റ്റർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ ഗ്രാമസഭ അംഗീകരിച്ചു നൽകിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനേക്കാൾ അധികമായി 18 വ്യക്തികൾ പാലിന് സബ്സിഡി എന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയതായി കാണുന്നു. ഗ്രാമസഭ അംഗീകരിച്ചു നൽകിയ ലിസ്റ്റിൽ ആകെ 156 പേരാണ് ഉള്ളത്. എന്നാൽ ആകെ 174 പേർക്ക് പാലിന് സബ്സിഡി നൽകിയിട്ടുണ്ട്. ക്ഷീര സംഘങ്ങളിൽ നിന്നും നല്കിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ടി 18 പേരെ കൂടി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്താൻ 08-09-2023 ൽ കൂടിയ പഞ്ചായത്ത് കമ്മറ്റി 1(3) നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകി. എന്നാൽ അടുത്ത ഗ്രാമസഭയിൽ വെച്ച് ടി 18 പേരടങ്ങുന്ന ലിസ്റ്റിന് അംഗീകാരം വാങ്ങണമെന്നും പഞ്ചായത്ത് കമ്മറ്റി നിർദ്ദേശിച്ചിരുന്നു. എന്നാൽ കൂടുതലായി ചേർത്ത ഗുണഭക്താക്കളുടെ ലിസ്റ്റിന് ഓഡിറ്റ് തീയതി വരെയും ഗ്രാമസഭയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

കാലിത്തീറ്റ സബ്സ്ഡി

പ്രോജക്റ്റ് നം. എസ്066/23-24

**അടങ്കൽ** 17,00,000/-

ചിലവ് 8,50,000/-

ബിൽ നം. 10-24/30-11-23 57464/-

ബിൽ നം. 19-24/05-01-24 58300/-

ബിൽ നം. 29-24/17-02-24 40200/-

നിർവ്വഹണം ഡയറി ഫാം ഇൻസ്ട്രക്റ്റർ

കാലിത്തീറ്റ സബ്സിഡി എന്ന ഈ പദ്ധതിയിൽ ഗ്രാമസഭ അംഗീകരിച്ചു നൽകിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനേക്കാൾ 40 ൽ അധികം പേർക്ക് കാലിത്തീറ്റ സബ്സിഡി നൽകിയതായി കാണുന്നു. ഗ്രാമസഭ അംഗീകരിച്ചു നൽകിയ ലിസ്റ്റിൽ ആകെ 156 പേരാണ് ഉള്ളത്. എന്നാൽ ആകെ 196 പേർക്ക് കാലിത്തീറ്റ സബ്സിഡി നൽകിയിട്ടുണ്ട്. ക്ഷീര സംഘങ്ങളിൽ നിന്നും നല്കിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ടി 40 പേരെ കൂടി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്താൻ 08-09-2023 ൽ കൂടിയ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചു. (തീരുമാനം നമ്പർ 1-3) എന്നാൽ അടുത്ത ഗ്രാമസഭയിൽ വെച്ച് ടി 40 പേരടങ്ങുന്ന ലിസ്റ്റിന് അംഗീകാരം വാങ്ങണമെന്നും പഞ്ചായത്ത് കമ്മറ്റി

അറിയിച്ചിരുന്നു. എന്നാൽ അധികമായി ചേർത്ത ഗുണഭോക്താക്കളുടെ ലിസ്റ്റിന് ഓഡിറ്റ് തീയതി വരെ ഗ്രാമസഭയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 15/30-07-2024 നും, 16/30-07-2024 നും മറുപടികൾ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം, അടുത്ത ഗ്രാമസഭയിൽ വെച്ച് അധിക ഗുണഭക്താക്കളുടെ ലിസ്റ്റിന് അംഗീകാരം വാങ്ങിക്കൊള്ളാം എന്ന് സെക്രട്ടറി ഒപ്പു വെച്ച തീരുമാനം കൈപ്പറ്റിയ ശേഷമാണ് അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നൽകിയതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. നിലവിലും ടി ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം ഇല്ലാത്തതിനാൽ തൊട്ടടുത്ത ഗ്രാമസഭയിൽവെച്ച് അധിക ലിസ്റ്റിന് അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നു് അറിയിച്ചിട്ടുണ്ട്. 112049 (പാൽ) +155964 (കാലിത്തീറ്റ) = 268013/- രൂപ തടസ്സപ്പെടുത്തുന്നു.

**<u>1-28 ആലുവേലിച്ചിറ നടുവത്തേഴത്ത് തോടുകൾ ആഴംകൂട്ടി തീറ്റപ്പുൽ വെച്ചു പിടിപ്പിക്കൽ- അപാകതകൾ</u>**

വർക്ക് കോഡ് - WC593482

അളവ് പുസ്തകം 26/23-24, എസ്റ്റിമേറ്റ് തുക- 212232/-

എഫ്.ടി.ഒ 1147370/12.3.24, 202615/-

ആലുവേലിച്ചിറ നടുവത്തേഴത്ത് തോടുകൾ ആഴംകൂട്ടി തീറ്റപ്പുൽ വെച്ചു പിടിപ്പിക്കൽ- എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഇനങ്ങൾക്കായി ആകെ 628 തൊഴിൽ ദിനങ്ങൾ അനുവദിക്കുന്ന വിധമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | ഇനം | തൊഴിൽ ദിനം |
|---|---|---|
| 1 | സൈറ്റ് ക്ലിയറിംഗ്- 2750$m^2$ | 64 |
| 2 | ഡീസിൽട്ടിംഗ് -412.5$m^3$ | 211 |
| 3 | സർഫസ് ഡ്രെസ്സിംഗ്- 2750$m^2$ | 276 |
| 4 | കളക്ടിംഗ് & പ്ലാന്റിംഗ് ഫോഡർ ഗ്രാസ്- 2200$m^2$ | 44 |
| 5 | മെയിന്റനൻസ് ഓഫ് ഫോഡർ ഗ്രാസ് ഫോർ30 ഡെയ്സ് @4.16/$m^2$ | 33 |

മേൽ സൂചിപ്പിച്ചിട്ടുള്ള വിധം ഫോഡർ ഗ്രാസ് മെയിന്റനൻസിന് മാത്രം 30 ദിവസത്തെ തൊഴിൽ ദിനങ്ങളാണ് അനുവദിക്കേണ്ടത്. ഫോഡർ ഗ്രാസ് നട്ട് പരിപാലിക്കുന്നതിന് മാത്രമായാണ് ഇപ്രകാരം തൊഴിൽ ദിനങ്ങൾ കണക്കാക്കി സാങ്കേതിക അനുമതി വാങ്ങിയിട്ടുള്ളത്.

6.3.24 ൽ അവസാനിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള ഈ പ്രവൃത്തിയുടെ മസ്റ്റർ റോൾ 41161 പ്രകാരം 29.2.24 മുതൽ 6.3.24 വരെ 6 പ്രവൃത്തി ദിനങ്ങളിലായി 60 തൊഴിൽ ദിനങ്ങൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ അളവ് പുസ്തകം പുറം 9 പ്രകാരം ഫോഡർ ഗ്രാസ് മെയിന്റനൻസിനായി 2x1032x1.2 = 2746.8$m^2$ @ 4.162/$m^2$ നിരക്കിൽ 10308/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും എസ്റ്റിമേറ്റിൽ കണക്കാക്കിയിട്ടുള്ള വിധം 30 ദിവസത്തെ ഫോഡർ ഗ്രാസ് മെയിന്റനൻസ് എന്ന പ്രവൃത്തി നടന്നിട്ടില്ലായെന്ന് വ്യക്തമാകുന്നു. ആയതിനാൽ ഫോഡർ ഗ്രാസ് മെയിന്റനൻസ് എന്ന ഇനത്തിനായി അനുവദിച്ച 10308/-രൂപ ബന്ധപ്പെട്ട അക്രെഡിറ്റഡ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഈ പ്രവൃത്തിയിൽ കാണപ്പെട്ട മറ്റ് അപാകതകൾ

1. ഈ പ്രവൃത്തിയുടെ അളവ് പുസ്തകം പുറം 1,2 എന്നിവയിലെ രേഖപ്പെടുത്തൽ പ്രകാരം 1-ാം ഇനം പ്രവൃത്തി 24.5.23 ൽ പ്രീമെഷർമെന്റ് രേഖപ്പെടുത്തി ചെക്ക് മെഷർ ചെയ്തിരിക്കുന്നു.

2. രണ്ടാമിനം പ്രവൃത്തി 2.5.23 ലും ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തി ചെക്ക് മെഷർ ചെയ്തിട്ടുണ്ട്. കൂടാതെ പുറം 3 ൽ മേൽ പ്രവൃത്തിക്കുള്ള 76632/- രൂപയുടെ പാർട്ട് ബിൽ 2.5.23 ൽ തന്നെ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഫയൽ പ്രകാരം ഈ പ്രവൃത്തിക്കായി മസ്റ്റർ റോൾ ഇഷ്യൂ ചെയ്തിട്ടുള്ളതും പ്രവൃത്തി ആരംഭിച്ചിട്ടുള്ളതും 26.5.23 മുതൽക്കാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/2.8.24) ലഭ്യമാക്കിയ മറുപടിയിൽ അളവ് പുസ്തകത്തിൽ വിവരങ്ങൾ രേഖപ്പെടുത്തിയപ്പോൾ തിയതി തെറ്റായി രേഖപ്പെടുത്തിയതാണെന്നും ഭാവിയിൽ ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഫോഡർ ഗ്രാസ് മെയിന്റനൻസിന് 30 ദിവസങ്ങളിലായി അനുവദിക്കേണ്ട തൊഴിൽ ദിനങ്ങൾ 6 ദിവസംകൊണ്ട് അനുവദിക്കുന്നത് പദ്ധതിയുടെ ശരിയായ ലക്ഷ്യം കൈവരിക്കുന്നതിന് വിഘാതമാവുകയും ചെയ്യാത്ത പ്രവൃത്തിക്ക് പണം ചെലവഴിക്കപ്പെടുന്നത് അഭിലഷണീയമല്ലെന്നതിനാൽ വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - മസ്റ്റർ റോൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

വാർഡ് 6 ലെ സോക് പിറ്റ് നിർമ്മാണം

വർക്ക് കോഡ് - IF1046570

വാർഡ് 6 ലെ സോക് പിറ്റ് നിർമ്മാണം- എന്ന പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ മസ്റ്റർ റോൾ നമ്പർ -38223ൽ സ്കിൽഡ്, സെമി സ്കിൽഡ് തൊഴിലാളികൾ തൊഴിൽ ചെയ്ത ദിവസങ്ങളുടെ ആകെ എണ്ണം, പ്രവർത്തിയുടെ ആകെ മൂല്യം അളവ് എടുത്ത തിയതി, അളവ് പുസ്തകം നമ്പർ, എന്നിങ്ങനെ അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തേണ്ടുന്ന അടിസ്ഥാന വിവരങ്ങൾ ഒന്നും രേഖപ്പെടുത്തുന്നതായി കാണുന്നില്ല. കൂടാതെ ഇൻസ്പെക്ടിംഗ് ഓഫീസറുടെ ഒപ്പ്, ഡെസിഗ്നേഷൻ, എന്നിവയും രേഖപ്പെടുത്തിയിട്ടില്ല. മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (30/2.8.24) ലഭ്യമാക്കിയ മറുപടിയിൽ

അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മസ്റ്റർ റോളിൽ അടിസ്ഥാന വിവരങ്ങളെല്ലാം രേഖപ്പെടുത്തിയശേഷം മാത്രം ബിൽ പ്രോസസ് ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**1-30 മരുന്നുകൾ ലഭ്യമായില്ല- ചെലവു തുക തടസ്സപ്പെടുത്തുന്നു**

പ്രോജക്റ്റ് നം. S0022/23-24

അടങ്കൽ 2,00,000/- (മെയിന്റനൻസ് ഫണ്ട് -റോഡിതരം)

ചെലവ് 2,000,00/-

നിർവ്വഹണം. മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം)

ബിൽ നം. 02/23-24 തീയതി 01-09-2023

മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) നിർവ്വഹണം നടത്തിയ കടക്കരപ്പള്ളി എപിഎച്ച്സി ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്റ്റിൽപ്പെടുത്തി 2,00,000/- രൂപ (പിഎഫ് നം. 287) ഔഷധിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരം 59,297/- (എൽഎഫ് 2902) രൂപയ്ക്കുള്ള മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 1,40,703/- രൂപയ്ക്കുള്ള മരുന്നുകൾ ഇനിയും ലഭ്യമാകുവാനുണ്ട്.

ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (08/31-07-2024) നൽകിയ മറുപടിയിൽ, 140,703/- രൂപയ്ക്കുള്ള മരുന്നുകൾ ഇനിയും ലഭ്യമാകുവാൻ ബാക്കിയുണ്ടെന്നും ആയത് എത്രയും വേഗം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 1,40,703/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-31 പി എച്ച് സി യിലേയ്ക്ക് മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല.**

പ്രോജക്റ്റ് നം. - 102/2023-24

പ്രോജക്റ്റിന്റെ പേര് - പിഎച്ച്സിയിലേയ്ക്ക് മരുന്നുവാങ്ങൽ

അടങ്കൽ - 169000/-

ചെലവ് - 150000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (പിഎച്ച്സി)

പിഎച്ച്സിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതിയിലുൾപ്പെടുത്തി മെയിന്റനൻസ് ഫണ്ടിൽ നിന്നും 150000/- രൂപ പിൻവലിച്ച് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനും ചേർത്തല സർവ്വീസ് സഹകരണബാങ്കിന്റെ നിയന്ത്രണത്തിലുള്ള നീതി സ്റ്റോറിനുമായി നൽകിയിട്ടുണ്ട്. ഇതിൽ 20.10.2023 തീയതിയിലെ ബിൽ നമ്പർ 08/2023-24 പ്രകാരം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനു നൽകിയ 96734/-രൂപയിൽ 39563/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഇതുസംബന്ധമായ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/01.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആകയാൽ 39563/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-32 മില്ലെറ്റ് ഗ്രാമം -പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ -ഹാജരാക്കിയിട്ടില്ല**

| | |
|---|---|
| പദ്ധതി | മില്ലെറ്റ് ഗ്രാമം (പ്രോജക്ട് നം-201/2024) |
| അടങ്കൽ | ₹20,000/- (വികസനഫണ്ട് -ജനറൽ ) |
| ചെലവ് | ₹20,000/-(വികസനഫണ്ട്-ജനറൽ) |
| ബിൽ നമ്പർ, തിയതി | TRN-230605000000021340 Dtd 29-02-2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

ഗ്രാമപഞ്ചായത്തിൽ **റാഗി** കൃഷി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഏറ്റെടുത്ത "**മില്ലെറ്റ് ഗ്രാമം**" എന്ന പദ്ധതി പ്രകാരം റാഗി വിത്തുകൾ വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വി.എഫ്.പി.സി.കെ യിൽ നിന്നും കിലോഗ്രാമിന് 100 രൂപ നിരക്കിൽ 200 കിലോഗ്രാം റാഗി വിത്തുകളാണ് വാങ്ങിയിട്ടുള്ളത്. വിത്തുകൾ 28 ഗുണഭോക്താക്കൾക്കായി സ്ഥലവിസ്തൃതിയനുസരിച്ച് വിതരണം ചെയ്തതിന്റെ രേഖകളാണ് പ്രോജക്ട് ഫയലിനൊപ്പം ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതികളുടെ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പുതുതായി നടപ്പിലാക്കുന്ന വിളകൃഷി എന്ന നിലയിൽ

പ്രോജക്ടിന്റെ ഫലപ്രാപ്തി പരിശോധിച്ചാണ് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സാധിക്കുന്നത്. വിളവിന്റെ വിപണനം, മൂല്യവർദ്ധനവിനുള്ള സാധ്യതകൾ എന്നിവയും പരിശോധിക്കപ്പെടേണ്ടതാണ്. ഇതിനായി കൃഷിയുമായി ബന്ധപ്പെട്ട ഡാറ്റാ ആവശ്യമാണ്. പ്രോജക്ട് പ്രകാരം റാഗി കൃഷി ചെയ്തതിന്റെ വിവരങ്ങളോ പ്രോജക്ട് ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച മോണിറ്ററിംഗ് സമിതി റിപ്പോർട്ടോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23 തീയതി- 02/08/2024) ലഭ്യമാക്കിയ മറുപടിയിൽ കൃഷി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. വി.എഫ്.പി.സി.കെ യുടെ ബില്ല് പ്രകാരം 01.01.2024 ൽ ആണ് വിത്തുകൾ ലഭ്യമായത്. ഇത്രയും വൈകിമാത്രം കൃഷി ആരംഭിക്കുന്നത് ഉത്പാദനത്തെ ബാധിക്കാവുന്നതാണ്. നൂതന വിളകളുടെ കൃഷി സംബന്ധിച്ച് ആവശ്യമായ മുന്നൊരുക്കങ്ങളില്ലാതെയാണ് വിത്ത് വാങ്ങിയത് എന്ന് വ്യക്തമാകുന്നു. പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെയും പൂർത്തീകരിച്ചതിന്റെയും രേഖകളുടെ അഭാവത്തിൽ ₹ 20,000 ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ട് ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച വിശദാംശങ്ങളും മോണിറ്ററിംഗ് സമിതി റിപ്പോർട്ടും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

**1-33 കൊട്ടാരം സ്കൂൾ ചുറ്റുമതിൽ നിർമ്മാണം-അപാകതകൾ**

പ്രോജക്ട് നമ്പർ - S0073/24

അടങ്കൽ- 630000/- മെയിന്റനൻസ് ഗ്രാന്റ് റോഡിതരം

കരാറുകാരൻ- കെ.ഡി.വരദരാജൻ

ബിൽ നമ്പർ- 19/23.3.2024, 627388/-

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ കൊട്ടാരം സ്കൂൾ ചുറ്റുമതിൽ നിർമ്മാണം എന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഇ-എം.ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം 21-ാം ഇനമായി ഗ്രൗണ്ട് ഫില്ലിംഗ് താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

<table>
<tr><th colspan="2">ഗ്രൗണ്ട് ഫില്ലിംഗ്</th><th colspan="2">സ്റ്റെപ്പിന്റെ അളവ്</th></tr>
<tr><td>5x(4.6+4.85)/2x0.25</td><td rowspan="6">കൺസോളിഡേഷൻ കുറവ് ചെയ്തശേഷം ആകെ 34.155m3</td><td>0.80x0.43x0.25</td><td>0.086</td></tr>
<tr><td>5x(4.85+5.1)/2x0.30</td><td>1.43x0.72x0.25</td><td>0.257</td></tr>
<tr><td>5x(5.1+5.28)/2x0.30</td><td rowspan="2">1.6x0.35x0.25</td><td>0.14</td></tr>
<tr><td>7.17(5.28+5.7)/2x0.30</td><td rowspan="3">$0.483m^3$</td></tr>
<tr><td>9.5(1.3+1.7)/2x0.25</td><td rowspan="2"></td></tr>
<tr><td>5.7x1x0.25</td></tr>
<tr><td colspan="2">സ്റ്റെപ്പിന്റെ അളവ് കുറവ് ചെയ്ത് ഫില്ലിംഗിന് അനുവദിക്കാവുന്ന അളവ്</td><td>$34.155m^3-0.483m^3$ $=33.672m^3$</td><td></td></tr>
<tr><td colspan="2">അധികം അനുവദിച്ച അളവ്</td><td>$34.155m^3-33.672m^3$ $=0.483m^3$</td><td></td></tr>
</table>

ഗ്രൗണ്ട് ഫില്ലിംഗ് നടത്തിയ അളവിൽ നിന്നും സ്റ്റെപ്പിന്റെ അളവ് കുറവ് ചെയ്യാതിരുന്നതുമൂലം കരാറുകാരന് അധികം നൽകിയ $0.483m^3x929/m^3$= 449+18% 530/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (28/2.8.24) തുക ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി)

**1-34 റോഡ് ടാറിംഗ് പ്രവർത്തികൾ - കാലിവീപ്പയുടെ ജി.എസ്.ടി ഒടുക്ക് വരുത്തുന്നതിലെ അപാകതകൾ**

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കിയ താഴെ പറയുന്ന പ്രവർത്തിയിൽ കാലിവീപ്പയുടെ ജി.എസ്.ടി ഇനത്തിൽ ജി.എസ്.ടി വകുപ്പിലേക്ക് പ്രത്യേകം ചെലാൻ വഴി ഒടുക്ക് വരുത്തേണ്ട തുക ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | കരാറുകാരന്റെ പേര് | ബില്ലിൽ കുറവ് ചെയ്ത കാലിവീപ്പയുടെ ജി.എസ്.ടി | സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള ജി.എസ്.ടി | ഫണ്ടിനം/ ആകെ മൂല്യം |
|---|---|---|---|---|---|
| 1 | S0047/24- പാഴുശ്ശേരി പി.എച്ച്.സി | വരദകുമാർ. കെ.ഡി | 516 | 00 | റോഡ് മെയിന്റനൻസ് |

| | | | | | |
|---|---|---|---|---|---|
| | റോഡ് മെയിന്റനൻസ് | | | | ഗ്രാന്റ് 640000/- |
| 2 | S0061/24 കൊട്ടാരം ആലുങ്കൽ റോഡ് മെയിന്റനൻസ് | മനോജ് കുമാർ. കെ.എസ് | 00 | 1290 | റോഡ് മെയിന്റനൻസ് ഗ്രാന്റ് 1400000/- |
| 3 | S0050/24 പഞ്ചായത്ത് ഓഫീസ് ചാച്ചിപ്പാലം റോഡ് മെയിന്റനൻസ് | മനോജ് കുമാർ. കെ.എസ് | 00 | 602 | റോഡ് മെയിന്റനൻസ് ഗ്രാന്റ് 682000/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (27/2.8.24) ലഭ്യമാക്കിയ മറുപടിയിൽ ജി.എസ്.ടി ഇനത്തിൽ ഈടാക്കി തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുകകൾ പ്രസ്തുത വകുപ്പിലേക്ക് ഒടുക്ക് വരുത്തുന്നതിന് സെക്രട്ടറി മുഖാന്തിരം നടപടി സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. വികസന ഫണ്ടുകളുപയോഗിച്ച് ടാറിംഗ് പ്രവർത്തികൾ നിർവ്വഹിക്കുമ്പോൾ കാലിവീപ്പയുടെ ജി.എസ്.ടി ഇനത്തിലുള്ള തുക പിൻവലിച്ച് ജി.എസ്.ടി വകുപ്പിലേക്ക് അടക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതുപോലെ ജി.എസ്.ടി ഇനത്തിൽ കുറവ് ചെയ്ത് തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

**1-35 പഞ്ചായത്ത് - ചാച്ചിപ്പാലം റോഡ് മെയിന്റനൻസ്-അപാകതകൾ**

പ്രോജക്ട് നമ്പർ S0050/24,

അടങ്കൽ 682000/-(മെയിന്റനൻസ് ഗ്രാന്റ് റോഡ്)

ബിൽ നമ്പർ-14/26.3.24- 682000/-

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ പഞ്ചായത്ത് - ചാച്ചിപ്പാലം റോഡ് മെയിന്റനൻസ് പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, ഈ പ്രവർത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി 26.10.23 ൽ മനോജ്കുമാർ എന്ന കരാറുകാരനുമായി 28/AE/26.10.23 നമ്പറായി എഗ്രിമെന്റ് വെച്ചിട്ടുള്ളതാണ്. ഇതിൽ ചെയിനേജ് 175 മുതൽ 425 വരെ 250 മീറ്റർ നീളത്തിൽ നിലവിൽ മോശമായ റോഡ് WMM വിരിച്ച് ടാറിംഗ് നടത്തി ഗതാഗത യോഗ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ പ്രവർത്തി ആരംഭിക്കുന്നതിനായി 25.10.23 ൽ സൈറ്റിൽ പരിശോധന നടത്തിയപ്പോൾ നിലവിലുള്ള ടാർ റോഡിൽ 83 മീറ്റർ നീളത്തിൽ ഏകദേശം 1 മീറ്റർ വീതിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനു വേണ്ടി JCB ഉപയോഗിച്ച് പൊളിച്ച് നീക്കം ചെയ്തിട്ടുള്ളതായും ഇപ്പോൾ റോഡിന്റെ താഴെ ഭാഗത്തുള്ള മണ്ണ് മാത്രമാണ് കാണുന്നതെന്നും ഇവിടെ GSB ചെയ്താൽ മാത്രമേ ടാറിംഗ് നടപ്പാകുകയുള്ളൂ എന്നും അസിസ്റ്റന്റ് എഞ്ചിനീയർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ 27.10.2023ൽ 54/AE/LID&EW/23-24 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് ഗ്രാമ പഞ്ചായത്തിന്റെ അനുമതിയില്ലാതെ റോഡ് പൊളിച്ചുമാറ്റിയ ഭാഗം പൂർവ്വസ്ഥിതിയിലാക്കി തരണമെന്നും അല്ലാത്തപക്ഷം നഷ്ടം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും കാണിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2.11.23 ൽ അസിസ്റ്റന്റ് എഞ്ചിനീയർ (വാട്ടർ അതോറിട്ടി, പി.എച്ച്. ഡിവിഷൻ, തുറവൂർ) -ക്ക് കത്ത് നൽകിയിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ ജലജീവൻ മിഷന്റെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനു വേണ്ടി കരാറുകാരൻ കുഴിച്ച റോഡ് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ടെന്ന് വാട്ടർ അതോറിട്ടി പഞ്ചായത്തിനെ 8.11.23 ൽ അറിയിച്ചിട്ടുണ്ട്. തുടർന്ന് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തി 83 മീറ്റർ നീളത്തിൽ പൊളിച്ച ഭാഗം മണ്ണ് വലിച്ചിട്ട് ലെവൽ ചെയ്തതായി കാണുന്നു, ഇത്രയും ഭാഗം താഴ്ന്നു പോകുവാൻ സാധ്യതയുണ്ടെന്നും ടാർ ചെയ്യാൻ സാധിക്കില്ലെന്നും ഇവിടെ GSB ചെയ്താൽ മാത്രമേ ടാറിംഗ് സാധ്യമാവുകയുള്ളൂ എന്നും സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. തുടർന്ന് 19.12.23 ലെ2(8)-ാം നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം അടങ്കൽ തുകയിൽ പരിമിതപ്പെടുത്തിക്കൊണ്ട് 20 മീറ്റർ നീളം കുറച്ച് ബാക്കി ഭാഗം മെയിന്റനൻസ് ചെയ്തിട്ടുള്ളതായി കാണുന്നു.

ഗ്രാമ പഞ്ചായത്തിന്റെ അനുമതിയില്ലാതെ പഞ്ചായത്തിന്റെ ആസ്തി അനധികൃതമായി പൊളിച്ചതുമൂലം ഗ്രാമ പഞ്ചായത്തിനുണ്ടായിട്ടുള്ള നഷ്ടം വ്യക്തമായി നിർണ്ണയിച്ചിട്ടുണ്ടോയെന്നും പ്രസ്തുത നഷ്ടം തിരികെ ഈടാക്കുന്നതിനും ടി നഷ്ടത്തിനുത്തരവാദിയായ വാട്ടർ

അതോറിട്ടിക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (29/2.8.24) ലഭ്യമാക്കിയ മറുപടിയിൽ പൊളിച്ച ഭാഗം വാട്ടർ അതോറിട്ടി തന്നെ പുന:സ്ഥാപിച്ച് തരും എന്നതിനാലാണ് നഷ്ടം കണക്കാക്കാതിരുന്നതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

കേരള വാട്ടർ അതോറിട്ടി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കിളച്ച റോഡുകൾ പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച് ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് സി.ടി.ഇ ചീഫ് എഞ്ചിനീയർമാർക്ക് നൽകിയ നിർദ്ദേശങ്ങൾ (10.12.2020 ലെ Insp.Tech-2/121/2020 നമ്പർ കത്ത്) പ്രകാരം ചുവടെ ചേർക്കുന്നു.

1. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കിളച്ച ട്രഞ്ച് പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം കിളച്ച് മാറ്റിയ മണ്ണ് ഉപയോഗിച്ച് KWA തന്നെ ഫിൽ ചെയ്യേണ്ടതാണ്. 20 സെ.മീ. വീതം കനത്തിലുള്ള വിവിധ അടുക്കുകളായി മണ്ണ് പാകി റോളർ ഉപയോഗിച്ച് ഉറപ്പിച്ചാണ് പ്രവർത്തി ചെയ്യേണ്ടത്.

2. റോഡ് പുന:സ്ഥാപിക്കുമ്പോൾ 30cm കനത്തിലാണ് മണ്ണ് കിളച്ച് മാറ്റേണ്ടത്. കിടങ്ങിന് 30cm താഴെയുള്ള മണ്ണ് ഇളക്കി റോളർ ഉപയോഗിച്ച് കോമ്പാക്ട് ചെയ്യണം.

3. ഇതിന് മുകളിൽ 15cm കനത്തിൽ രണ്ട് ലെയറായി GSB&WMM നൽകി കോമ്പാക്ട് ചെയ്താണ് പ്രവൃത്തി നടത്തേണ്ടത്.

എന്നാൽ മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല എന്ന് കാണുന്നു. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡ് കിളച്ച് മാറ്റേണ്ടി വരുന്ന സാഹചര്യങ്ങളിൽ മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതും മേൽ പരാമർശിച്ചിട്ടുള്ള വിധം പരിഹാര നടപടി സ്വീകരിക്കാത്തപക്ഷം വാട്ടർ അതോറിട്ടിക്കെതിരെ നിയമ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-36 കരാർ പ്രവർത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർതുകയുടെ 0.2% തുക ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% തുക ഈടാക്കിയതായി കാണുന്നില്ല. പ്രൈസ് 3 സോഫ്റ്റ്‌വെയർ പ്രകാരം വെച്ചിട്ടുള്ള എഗ്രിമെന്റിലെ വ്യവസ്ഥ 12 അനുസരിച്ച് കരാർ തുകയുടെ 0.5% (കുറഞ്ഞത് 2 ലക്ഷം കൂടിയത് 5 ലക്ഷം രൂപ) മൂല്യം വരുന്ന ഇൻഷുറൻസ് കരാറുകാരൻ എടുക്കേണ്ടതും ആയത് നിർവ്വഹണ ഉദ്യോഗസ്ഥനെ ഏല്പിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഇപ്രകാരം ഇൻഷുറൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രവൃത്തി | പ്രോജക്ട് നമ്പർ- | കരാറുകാരന്റെ പേര് | പി.എ.സി | 0.2% നിരക്കിൽ ഈടാക്കേണ്ട തുക | ബിൽ നമ്പർ തീയതി |
|---|---|---|---|---|---|---|
| 1 | വിവിധ വാർഡുകളിൽ സ്ലാബ് പാലം നിർമ്മാണം | 74/24 | ഭാർഗ്ഗവൻ.കെ | 288753 | 578 | 5/18.3.24 247437/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (25/2.8.24) മറുപടി ലഭ്യമാക്കിയില്ല. ആകയാൽ പരാമർശ പ്രകാരം നഷ്ടമായ തുക കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ലൈസൻസ് എടുക്കാതെ/പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ 2023-24 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന

സ്ഥാപനങ്ങൾ ലൈസൻസ് തുക അടവാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾ 2011 ലെ കേരള പഞ്ചായത്തീരാജ് ആക്റ്റ് (232, 233) റൂൾ (10) എന്നിവ അനുസരിച്ചല്ല പ്രവർത്തിക്കുന്നതെന്ന് കാണുന്നു.

റേഷൻ കടകൾ

എആർഡി 137, എആർഡി 138, എആർഡി 139, എആർഡി 140, എആർഡി 141, എആർഡി 142, എആർഡി 143, എആർഡി 144, എആർഡി 145, എആർഡി 146, എആർഡി 147, എആർഡി 314.

12 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസായി ആകെ 6000/- (12 X 500) രൂപ ഈടാക്കേണ്ടതാണ്.

കള്ള് ഷാപ്പുകൾ

1) ടി.എസ്സ്. നമ്പർ 70,

2) ടി.എസ്സ്. നമ്പർ 102,

3) ടി.എസ്സ്. നമ്പർ 104,

4) ടി.എസ്സ്. നമ്പർ 105,

5) ടി.എസ്സ്. നമ്പർ 107,

6) ടി.എസ്സ്. നമ്പർ 109,

ആറ് കള്ള് ഷാപ്പുകളിൽ നിന്നും ലൈസൻസ് ഫീസായി ആകെ 3,000/- (6 X 500) രൂപ ഈടാക്കേണ്ടതാണ്.

മേൽ വിഷയത്തിൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം - 9/30-07-024 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിൻപ്രകാരം മുകളിൽ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങൾ ലൈസൻസ് അടവാക്കിയിട്ടില്ലെന്നും, ലൈസൻസ് എടുക്കണമെന്ന് കാണിച്ച് നോട്ടീസ് നൽകിയിരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥാപനങ്ങൾ നാളിതുവരെ ലൈസൻസ് എടുത്തിട്ടില്ല. ആകെ നഷ്ടം 6,000/- (12 X 500) + 3,000/- (6 X 500) =9,000/- നഷ്ട തുക എത്രയും വേഗം ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**2-2 തൊഴിൽ നികുതി ഒടുക്കിയില്ല**

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 വർഷം പഞ്ചായത്തിൽ വിവിധ കരാർ പണികൾ ഏറ്റെടുത്തു നടത്തുന്ന താഴെപ്പറയുന്ന വ്യക്തികൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

1) ശ്രീ. ഹരീഷ്,

2) ശ്രീ. വിനോദ്. ടി.കെ.

3) ശ്രീ. രാജേഷ്. സി.

4) ശ്രീ. സുനിൽകുമാർ എം. ആർ.

5) ശ്രീ. പി.ജെ. കുഞ്ഞപ്പൻ

6) ശ്രീ. അജീഷ്. എസ്.

7) ശ്രീ. കെ. ഭാർഗ്ഗവൻ

8) ശ്രീ. വരദകുമാർ.കെ.ഡി

9) ശ്രീ. മനോജ്കുമാർ. കെ.എസ്.

10) ശ്രീ. സുനിൽ കുമാർ. പി.എസ്.

11) ശ്രീ. അജിമോൻ

12) ശ്രീ. കിഷോർ.പി.എം.

13) ശ്രീ. സാജൻ. പി.എസ്

എന്നിവരിൽ നിന്നു തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. 32,500/- ( 13 X 2500 ) രൂപ ഈയിനത്തിൽ ഈടാക്കാവുന്നതാണ്.

മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 10/30-07-2024ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ ശ്രീ. അജിമോൻ, ശ്രീ. കിഷോർ.പിഎം., ശ്രീ. സാജൻ. പി.എസ് എന്നിവർ വയറിംഗ് ജോലികൾ ഏറ്റെടുത്തവരാണെന്നും അവർ 60 ദിവസത്തിൽ താഴെ മാത്രമേ പഞ്ചായത്ത് പ്രദേശത്ത് ജോലി ചെയ്തിട്ടുള്ളുവെന്നും ആയതിനാൽ തൊഴിൽ നികുതി ടിയാളുകളിൽ നിന്നും ഈടാക്കേണ്ടതില്ല എന്നും മറുപടി ഹാജരാക്കിയിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ച (1),(5),(6),(7),(8),(9),(10) എന്നീ ക്രമ നമ്പറുകാർ തൊഴിൽ നികുതി അടവാക്കിയതായി അറിയിച്ചിട്ടുണ്ട്.

എന്നാൽ ശ്രീ. വിനോദ്. ടി.കെ., ശ്രീ. രാജേഷ്. സി.,ശ്രീ. സുനിൽകുമാർ എം. ആർ. എന്നിവർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി 7,500/- രൂപ. ഈടാക്കി

വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. സാധിക്കാത്ത പക്ഷം നഷ്ടതുക 7500/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

**2-3 സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല**

പഞ്ചായത്തിന്റെ സ്ഥാപന നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങൾ/വ്യക്തികൾ നികുതികൾ അടച്ചതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനങ്ങളുടെ പേര് വിവരം | രണ്ട് അർദ്ധവർഷങ്ങളിലുമായി ഈടാക്കേണ്ട തുക |
|---|---|---|
| 1 | ടി.എസ്. നമ്പർ 76 | 1250x2 =2500 |
| | ആകെ | 2500/- |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 10/30-07-2024 ന് മറുപടി ലഭ്യമാക്കിയ മറുപടിയിൽ ടി.എസ്. നമ്പർ 76 ൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥാപന നികുതി ഈടാക്കാത്ത പക്ഷം നഷ്ടത്തുക 2500/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 കൊട്ടാരം സ്കൂൾ ചുറ്റുമതിൽ നിർമ്മാണം-അപാകതകൾ**

പ്രോജക്ട് നമ്പർ - S0073/24

അടങ്കൽ- 630000/- മെയിന്റനൻസ് ഗ്രാന്റ് റോഡിതരം

കരാറുകാരൻ- കെ.ഡി.വരദരാജൻ

ബിൽ നമ്പർ- 19/23.3.2024, 627388/-

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ കൊട്ടാരം സ്കൂൾ ചുറ്റുമതിൽ നിർമ്മാണം എന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഇ-എം.ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം 21-ാം ഇനമായി ഗ്രൗണ്ട് ഫില്ലിംഗ് താഴെ പറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

| ഗ്രൗണ്ട് ഫില്ലിംഗ് | | സ്റ്റെപ്പിന്റെ അളവ് | |
|---|---|---|---|
| 5x(4.6+4.85)/2x0.25 | കൺസോളിഡേഷൻ കുറവ് ചെയ്തശേഷം ആകെ 34.155$m^3$ | 0.80x0.43x0.25 | 0.086 |
| 5x(4.85+5.1)/2x0.30 | | 1.43x0.72x0.25 | 0.257 |
| 5x(5.1+5.28)/2x0.30 | | 1.6x0.35x0.25 | 0.14 |
| 7.17(5.28+5.7)/2x0.30 | | | 0.483$m^3$ |
| 9.5(1.3+1.7)/2x0.25 | | | |
| 5.7x1x0.25 | | | |
| സ്റ്റെപ്പിന്റെ അളവ് കുറവ് ചെയ്ത് ഫില്ലിംഗിന് അനുവദിക്കാവുന്ന അളവ് | | 34.155$m^3$-0.483$m^3$ =33.672$m^3$ | |
| അധികം അനുവദിച്ച അളവ് | | 34.155$m^3$-33.672$m^3$ =0.483$m^3$ | |

ഗ്രൗണ്ട് ഫില്ലിംഗ് നടത്തിയ അളവിൽ നിന്നും സ്റ്റെപ്പിന്റെ അളവ് കുറവ് ചെയ്യാതിരുന്നതുമൂലം കരാറുകാരന് അധികം നൽകിയ 0.483$m^3$x929/$m^3$= 449+18% 530/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (28/2.8.24) തുക ഈടാക്കി

അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.)

**3-2 കരാർ പ്രവർത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർതുകയുടെ 0.2% തുക ഈടാക്കിയില്ല**

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% തുക ഈടാക്കിയതായി കാണുന്നില്ല. പ്രൈസ് 3 സോഫ്റ്റ് വെയർ പ്രകാരം വെച്ചിട്ടുള്ള എഗ്രിമെന്റിലെ വ്യവസ്ഥ 12 അനുസരിച്ച് കരാർ തുകയുടെ 0.5% (കുറഞ്ഞത് 2ലക്ഷം കൂടിയത് 5ലക്ഷം രൂപ) മൂല്യം വരുന്ന ഇൻഷുറൻസ് കരാറുകാരൻ എടുക്കേണ്ടതും ആയത് നിർവ്വഹണ ഉദ്യോഗസ്ഥനെ ഏല്പിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവർത്തികളിൽ ഇപ്രകാരം ഇൻഷുറൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രവർത്തി | പ്രോജക്ട് നമ്പർ- | കരാറുകാരന്റെ പേര് | പി.എ.സി | 0.2%നിരക്കിൽ ഈടാക്കേണ്ട തുക | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|
| 1 | വിവിധ വാർഡുകളിൽ സ്ലാബ് പാലം നിർമ്മാണം | 74/24 | ഭാർഗ്ഗവൻ.കെ | 288753 | 578 | 5/18.3.24 247437/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (25/2.8.24) മറുപടി ലഭ്യമാക്കിയില്ല. ആകയാൽ പരാമർശ പ്രകാരം നഷ്ടമായ തുക കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

**3-3 ആലുവേലിച്ചിറ നടുവത്തേഴത്ത് തോടുകൾ ആഴംകൂട്ടി തീറ്റപ്പുൽ വെച്ചു പിടിപ്പിക്കൽ-അപാകതകൾ**

വർക്ക് കോഡ് - WC593482

അളവ് പുസ്തകം 26/23-24, എസ്റ്റിമേറ്റ് തുക- 212232/-

എഫ്.ടി.ഒ 1147370/12.3.24, 202615/-

ആലുവേലിച്ചിറ നടുവത്തേഴത്ത് തോടുകൾ ആഴംകൂട്ടി തീറ്റപ്പുൽ വെച്ചു പിടിപ്പിക്കൽ- എന്ന പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഇനങ്ങൾക്കായി ആകെ 628 തൊഴിൽ ദിനങ്ങൾ അനുവദിക്കുന്ന വിധമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | ഇനം | തൊഴിൽ ദിനം |
|---|---|---|
| 1 | സൈറ്റ് ക്ലിയറിംഗ്- 2750$m^2$ | 64 |
| 2 | ഡീസിൽട്ടിംഗ് -412.5$m^3$ | 211 |
| 3 | സർഫസ് ഡ്രെസ്സിംഗ്- 2750$m^2$ | 276 |
| 4 | കളക്ടിംഗ് & പ്ലാന്റിംഗ് ഫോഡർ ഗ്രാസ്- 2200$m^2$ | 44 |
| 5 | മെയിന്റനൻസ് ഓഫ് ഫോഡർ ഗ്രാസ് ഫോർ30 ഡെയ്സ് @4.16/$m^2$ | 33 |

മേൽ സൂചിപ്പിച്ചിട്ടുള്ള വിധം ഫോഡർ ഗ്രാസ് മെയിന്റനൻസിന് മാത്രം 30 ദിവസത്തെ തൊഴിൽ ദിനങ്ങളാണ് അനുവദിക്കേണ്ടത്. ഫോഡർ ഗ്രാസ് നട്ട് പരിപാലിക്കുന്നതിന് മാത്രമായാണ് ഇപ്രകാരം തൊഴിൽ ദിനങ്ങൾ കണക്കാക്കി സാങ്കേതിക അനുമതി വാങ്ങിയിട്ടുള്ളത്.

6.3.24 ൽ അവസാനിച്ചതായി രേഖപ്പെടിത്തിയിട്ടുള്ള ഈ പ്രവർത്തിയുടെ മസ്റ്റർ റോൾ 41161 പ്രകാരം 29.2.24 മുതൽ 6.3.24 വരെ 6 പ്രവർത്തി ദിനങ്ങളിലായി 60 തൊഴിൽ ദിനങ്ങൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ അളവ് പുസ്തകം പുറം 9 പ്രകാരം ഫോഡർ ഗ്രാസ് മെയിന്റനൻസിനായി 2x1032x1.2 = 2746.8$m^2$ @ 4.162/$m^2$ നിരക്കിൽ 10308/-രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും എസ്റ്റിമേറ്റിൽ

കണക്കാക്കിയിട്ടുള്ള വിധം 30 ദിവസത്തെ ഫോഡർ ഗ്രാസ് മെയിന്റനൻസ് എന്ന പ്രവർത്തി നടന്നിട്ടില്ലായെന്ന് വ്യക്തമാകുന്നു. ആയതിനാൽ ഫോഡർ ഗ്രാസ് മെയിന്റനൻസ് എന്ന ഇനത്തിനായി അനുവദിച്ച 10308/-രൂപ ബന്ധപ്പെട്ട അക്രെഡിറ്റഡ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഈ പ്രവർത്തിയിൽ കാണപ്പെട്ട മറ്റ് അപാകതകൾ

1. ഈ പ്രവർത്തിയുടെ അളവ് പുസ്തകം പുറം 1,2 എന്നിവയിലെ രേഖപ്പെടുത്തൽ പ്രകാരം 1-ാം ഇനം പ്രവർത്തി 24.5.23 ൽ പ്രീമെഷർമെന്റ് രേഖപ്പെടുത്തി ചെക്ക് മെഷർ ചെയ്തിരിക്കുന്നു.

2. രണ്ടാമിനം പ്രവർത്തി 2.5.23 ലും ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തി ചെക്ക് മെഷർ ചെയ്തിട്ടുണ്ട്. കൂടാതെ പുറം 3ൽ മേൽ പ്രവർത്തിക്കുള്ള 76632/- രൂപയുടെ പാർട്ട് ബിൽ 2.5.23 ൽ തന്നെ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഫയൽ പ്രകാരം ഈ പ്രവൃത്തിക്കായി മസ്റ്റർ റോൾ ഇഷ്യൂ ചെയ്തിട്ടുള്ളതും പ്രവർത്തി ആരംഭിച്ചിട്ടുള്ളതും 26.5.23 മുതൽക്കാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/2.8.24) ലഭ്യമാക്കിയ മറുപടിയിൽ അളവ് പുസ്തകത്തിൽ വിവരങ്ങൾ രേഖപ്പെടുത്തിയപ്പോൾ തീയതി തെറ്റായി രേഖപ്പെടുത്തിയതാണെന്നും ഭാവിയിൽ ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഫോഡർ ഗ്രാസ് മെയിന്റനൻസിന് 30 ദിവസങ്ങളിലായി അനുവദിക്കേണ്ട തൊഴിൽ ദിനങ്ങൾ 6 ദിവസംകൊണ്ട് അനുവദിക്കുന്നത് പദ്ധതിയുടെ ശരിയായ ലക്ഷ്യം കൈവരിക്കുന്നതിന് വിഘാതമാവുകയും ചെയ്യാത്ത പ്രവർത്തിക്ക് പണം ചെലവഴിക്കപ്പെടുന്നത് അഭിലഷണീയമല്ലെന്നതിനാൽ വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹2,50,000 | പാലിയേറ്റീവ് കെയർ 89/24 | ₹2,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹14,10,000 | ലൈഫ് ഭവന നിർമ്മാണം-ജനറൽ | ₹14,10,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹3,00,000/- | ലൈഫ് ഭവന നിർമ്മാണം-എസ്.സി | ₹3,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹2,00,000 | ലൈഫ് ഭവന നിർമ്മാണം | ₹2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹4,05,772 | അനുപൂരക പോഷകാഹാരം (37/24) | ₹4,05,772 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹1,02,717 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി. | ₹1,02,717 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹3,15,000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പ് | ₹3,15,000 | 0 |
| **ആകെ** | | **₹29,83,489** | | **₹29,83,489** | **0** |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹1,00,180/- | പാലിയേറ്റീവ് കെയർ (89/24) | ₹1,00,180/- | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹6,81,432/- | തെരുവുവിളക്ക് നീട്ടൽ ധനസഹായം | ₹6,81,432/- | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹1,08,960 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പ് | ₹1,08,960 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹1,35,000 | അനുപൂരക പോഷകാഹാരം (37/24) | ₹1,35,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹41,37,455/- | ലൈഫ് ഭവന നിർമ്മാണം | ₹41,37,455/- | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹4,40,000 | ലൈഫ് ഭവന നിർമ്മാണം- എസ്.സി. | ₹4,40,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹75,000/- | പാലിന് സബ്സിഡി | ₹75,000/- | 0 |
| **ആകെ** | | **₹56,78,027** | | **₹56,78,027** | **0** |

### 4-2 നിക്ഷേപ പ്രവൃത്തികളുടെ വിവരം

വിവിധ പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ചിട്ടുള്ള തുക

ഉപയോഗിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 2023-24. | എസ് 0054/24. സ്ട്രീറ്റ് ലൈൻ വലിക്കൽ | 42301369/09/02/2024 | ₹6,81,432/- | | ₹6,81,432/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് ഗ്രാമപഞ്ചായത്ത് തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്തതുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലോൺ | ₹3,22,87,599/- | ₹49,40,000/- | ₹3,72,27,599/- | ₹39,46,974/- | | ₹3,32,80,625/- |

**തിരിച്ചടവിന്റെ വിവരം**

| ജി.ഒ.പ്രോജക്ട് | | തുക |
|---|---|---|
| നമ്പർ | പേര് | |
| 213/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹11,33,355 |
| 218/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹11,33,355 |
| 221/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹11,33,356 |
| 214/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | ₹1,82,303/- |
| 219/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | ₹1,82,303/- |
| 222/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | ₹1,82,302/- |
| | **ആകെ** | **₹39,46,974/-** |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ₹2,47,00,000/- |
| തൻവർഷം നിക്ഷേപിച്ച തുക | - |
| പലിശ വരവ് | ₹16,72,669/- |
| ആകെ | ₹2,63,72,669/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹2,63,72,669/- |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | രസീതി നമ്പർ | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | കേരള ബാങ്ക് | 12391880100045 | ₹1,06,77,206/- |
| 2 | കേരള ബാങ്ക് | 12391880100032 | ₹1,06,77,206/- |
| 3 | കേരള ബാങ്ക് | 12391880100039 | ₹49,58,257/- |
| | ആകെ | | **₹2,63,72,669/-** |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന 48305 /-രൂപയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര് | രശീതി നമ്പർ/ തീയതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|---|
| 1 | 2022-23 | 1-12 | 5096 | ക്രിസ്റ്റിൻ.കെ.ജെ | 1230100725/ 23.08.2023 | |
| 2 | 2021-22 | 1-14 | 200 | ഭാർഗ്ഗവൻ | 1230100726/ 23.08.2023 | |
| 3 | 2021-22 | 1-14 | 300 | രാധാകൃഷ്ണൻ | 1230100727/ 23.08.2023 | |
| 4 | 2021-22 | 1-14 | 100 | ബെന്നി ചാക്കോ | 230100728/ 23.08.2023 | |
| 5 | 2021-22 | 1-14 | 100 | സുധ.എസ്സ് | 1230100729/ 23.08.2023 | |
| 6 | 2021-22 | 1-14 | 100 | ഷീല അംബരീശൻ | 1230100730/ 23.08.2023 | |
| 7 | 2021-22 | 1-14 | 100 | ദീപ അനിൽകുമാർ | 1230100731/ 23.08.2023 | |
| 8 | 2021-22 | 1-23 | 1661 | ദിവാകരൻ | 1230100732/ 23.08.2023 | |
| 9 | 2022-23 | 3-3 | 648 | അമർജിത്ത്.സി.എസ്സ് | 1230101211/ 27.11.2023 | |
| 10 | 2022-23 | 3-3 | 20000 | മഞ്ജുള ഷാജി | 1230101569/ 30.12.2023 | |
| 11 | 2022-23 | 3-(5) | 10000 | മഞ്ജുള ഷാജി | 1230101663/ 11.01.2024 | |
| | | **ആകെ** | **48305** | | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹4,18,66,389.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹4,38,45,613.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹19,000/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ 11,416/- |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 18,49,711/- |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | ₹9,000/- | 00 | ശ്രീമതി.സതീദേവിരാമൻ നായർ ,സെക്രട്ടറി |
| 2-2 | ₹7,500/- | 00 | ശ്രീമതി.സതീദേവി രാമൻ നായർ ,സെക്രട്ടറി |
| 2-3 | ₹2,500/- | 00 | ശ്രീമതി.സതീദേവി രാമൻ നായർ ,സെക്രട്ടറി |
| 3-1 | | ₹530/- | ശ്രീമതി.ദീപ്തി.ജി, അസി.എഞ്ചിനീയർ |
| 3-2 | | ₹578/- | ശ്രീമതി.ദീപ്തി.ജി, അസി.എഞ്ചിനീയർ |
| ആകെ | ₹19,000 | ₹ 1,108/- | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | ₹6,00,000/- | ശ്രീമതി.സതീദേവി രാമൻ നായർ ,സെക്രട്ടറി |
| 1-21 | ₹6,81,432/- | ശ്രീമതി.സതീദേവി രാമൻ നായർ ,സെക്രട്ടറി |
| 1-24 | ₹1,00,000/- | ശ്രീമതി.ഷെൽബി ജോസ്, വില്ലേജ് എക്സറ്റൻഷൻ ഓഫീസർ |
| 1-30 | ₹1,40,703/- | ഡോ.അശ്വതി എം, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 1-31 | ₹39,563/- | ഡോ.മെൽവിൻ ജെ.ഗോൺസാൽവെസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-32 | ₹20,000/- | ശ്രീമതി.ജീഷ്മ ഷാജി, കൃഷി ഓഫീസർ |

| | | |
|---|---|---|
| 1-27 | ₹2,68,013/- | ശ്രീമതി.സ്വാതി സുരേഷ്.ജി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | **₹ 18,49,711/-** | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | ₹10,308/- | ശ്രീമതി.സഞ്ജന വി, അക്രെഡിറ്റഡ് എഞ്ചിനീയർ |
| ആകെ | **₹10,308/-** | |

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന്**

**ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സതീദേവി രാമൻ നായർ | സെക്രട്ടറി (വിരമിച്ചു) | അരവിന്ദം, കടക്കരപ്പള്ളി പി.ഒ ചേർത്തല |
| ശ്രീമതി.ജീഷ്മ ഷാജി, | കൃഷി ഓഫീസർ,തൈക്കാട്ടുശ്ശേരി | പഴങ്ങാട്ട്,നികർത്തിൽ,എഴുപുന്ന പി.ഒ ചേർത്തല 688548 |
| ഡോ.മെൽവിൻ ജെ.ഗോൺസാൽവെസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) കടക്കരപ്പള്ളി | തോപ്പിൽ ഫിലിപ്സ് ഹൗസ്, നീണ്ടകര,കൊല്ലം 691582 |
| ഡോ.അശ്വതി എം, | മെഡിക്കൽ ഓഫീസർ (ആയുർവേദം) കടക്കരപ്പള്ളി | വലിയകുളത്തിങ്കൽ, അരൂർ പി.ഒ ചേർത്തല |
| ശ്രീമതി.ഷെൽബി ജോസ് | വി.ഇ.ഒ കടക്കരപ്പള്ളി | പുളിക്കൽ, കുന്നുംപുറം,സി.എം.സി 27,ചേർത്തല |
| ശ്രീമതി.സഞ്ജന വി | അക്രെഡിറ്റഡ് എഞ്ചിനീയർ | മണവേലി,പട്ടണക്കാട് പി.ഒ ചേർത്തല |
| ശ്രീമതി.ദീപ്തി.ജി | അസിസ്റ്റന്റ് എഞ്ചിനീയർ, കടക്കരപ്പള്ളി | വേലമ്മച്ചിറയിൽ, കണിച്ചുകുളങ്ങര പി.ഒ ചേർത്തല |
| ശ്രീമതി.സ്വാതി സുരേഷ്.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, കടക്കരപ്പള്ളി | ഗീതാലയം, വിവേകാനന്ദ നഗർ, പാപ്പനംകോട്, പി.ഓ. തിരുവനന്തപുരം. |

**4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ആകെ ഖണ്ഡിക | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|
| 1996-97 | 1 | LFA-GA5/1832/11/ 16.1.12 |
| 1997-98 | 1 | LFA-GA5/1832/11/ 16.1.12 |

| | | |
|---|---|---|
| 2001-02 | 2 | LFA-GA5/1832/11/ 16.1.12 |
| 2006-07 &07-08 | 14 | KSA ALP/P/11-1230/22 Dtd 17.11.2022 |
| 2008-09 | 1 | KSA ALP/P/11-1230/22 Dtd 17.11.2022 |
| 2009-10 | 2 | KSA ALP/P/11-1230/22 Dtd 17.11.2022 |
| 2010-11 | 6 | LFA-P2/550/11/ 17.12.12, 31.1.12 |
| 2011-12 | 10 | LFA-P2/1400/12/ 14.12.12, 8.1.13<br>KSA ALP/P/11-1230/22 Dtd 17.11.2022 |
| 2012-13 | 3 | LFA-P11/1841/14/ 20.1.15, 3.3.15<br>KSA ALP/P/11-1230/22 Dtd 17.11.2022 |
| 2013-14 | 8 | LFA-P11/680/15/ 15.7.15 |
| 2014-15 | 9 | KSA-ALP/P11-837/16/ 30.7.16 |
| 2015-16 | 2 | KSA-ALP/P11-1175/16/ 1.11.16<br>KSA ALP/P/11-1230/22 Dtd 17.11.2022 |
| 2016-17 | 5 | KSA-ALP/P11-1034/17/ 5.8.17<br>KSA ALP/P/11-1230/22 Dtd 17.11.2022 |
| 2017-18 | 4 | KSA-ALP/P11-1295/18/5.9.18<br>KSA ALP/P/11-1230/22 Dtd 17.11.2022 |
| 2018-19 | 8 | KSA-ALP/P11-122/ 29.5.20<br>KSA ALP/P/11-1230/22 Dtd 17.11.2022 |
| 2019-20 | 11 | KSA-ALP/P11-385/21/ 12.4.21 |
| 2020-21 | 18 | KSA-ALP/P11-832/2021/ 28.09.2021 |
| 2021-22 | 13 | KSA-ALP/P11-1008/22/29.9.22 |
| 2022-23 | 19 | KSA-ALP/P11-1129/23/07.11.23 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 24-05-2024 and submitted on 31-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Kadakkarapally Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kadakkarapally Grama Panchayat as on 31-03-2024

**Date: 07/10/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Kadakkarapally Grama Panchayat for the Year 2023-2024.

**1.Major Observations**

NIL

**2.Other Observations**

1) Interest income details entered in the annual financial statements are not matched with actual interest income accured as per Investment receipt.
2) Provisions for expenses that are not completed before the end of the financial year are not made in the annual financial statements.
3) Statutory ratios, statements, and forms are not attached along with the annual financial statements.
4) Details of advances acutally pending settlement are not updated in the annual financial statements. Journal entries are not made for advances that are already given utilization certificates.

Deputy Director

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്